കേരള സർക്കാർ

# നദീ പുനരുജ്ജീവന ശിൽപ്പശാല

## 2018 ഒക്ടോബർ 25, 26
## ശാസ്ത്രസാങ്കേതിക മ്യൂസിയം
## തിരുവനന്തപുരം


ഹരിതകേരളം മിഷൻ

ഫെബ്രുവരി 2019

# അവതാരിക

വരും തലമുറയ്ക്ക് കൂടി ജലസുരക്ഷ ഉറപ്പാക്കിക്കൊണ്ട് നമ്മുടെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി, ജലസമൃദ്ധമായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ജല ഉപമിഷൻ പ്രവർത്തിക്കുന്നത്. നീർത്തടാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ ചെറുചാലുകളുടെയും തോടുകളുടേയും പുനരുജ്ജീവനം നടത്തുകയും തുടർന്ന് പുഴകളുടേയും കായലുകളുടേയും പുനരുജ്ജീവനം നിർവ്വഹിക്കുകയെന്നതുമാണ് പ്രഖ്യാപിത ലക്ഷ്യം. ഇത്തരത്തിൽ ഹരിതകേരളം മുന്നോട്ടുവച്ച ലക്ഷ്യങ്ങളിൽ ആകൃഷ്ടരായി സംസ്ഥാനത്തൊട്ടാകെ പുഴവീണ്ടെടുക്കലിനും അതുവഴി പരിസ്ഥിതി പുനസ്ഥാപനത്തിനുമായി മാതൃകാപരമായ ഒട്ടേറെ ജനകീയ ഇടപെടലുകൾ നടന്നിട്ടുണ്ട്. ഇത്തരം ജനകീയ ഇടപെടലുകൾക്ക് നേതൃത്വം നൽകിയവരുടെയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരുടേയും അനുഭവങ്ങളും അവർ അനുവർത്തിച്ച രീതിശാസ്ത്രവും പങ്കുവയ്ക്കുന്നത് സംസ്ഥാനത്ത് സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധമായവർക്ക് മാർഗ്ഗദർശകവും ഊർജ്ജം പകരുന്നതുമായിരിക്കും എന്ന പ്രതീക്ഷയിലാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിച്ചത്. പ്രസ്തുത ശിൽപ്പശാലയിലെ അവതരണങ്ങൾ എല്ലാം തന്നെ ഏവർക്കും ആവേശം നൽകുന്നതായിരുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്ക് അവതരിപ്പിച്ച പുഴപുനരുജ്ജീവന പരിപ്രേഷ്യവും മാർഗ്ഗദർശകമായി. പുഴപുനരുജ്ജീവനത്തിനായി ഒരു പ്രവർത്തനരേഖയും ഈ ശിൽപ്പശാലയിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് നടക്കുന്ന പുഴപുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാകുമെന്ന പ്രതീക്ഷയിൽ ശിൽപ്പശാല സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നു.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# ഉള്ളടക്കം

നദീപുനരുജ്ജീവന ശിൽപശാല.......................................... 7

പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ – അനുഭവം പങ്കുവയ്ക്കൽ.... 9

നദീ പുനരുജ്ജീവനം ഭാവി പരിപ്രേക്ഷ്യം................................ 30

നദീപുനരുജ്ജീവന പ്രവർത്തനരേഖ..................................... 37

# നദീ പുനരുജ്ജീവന ശിൽപ്പശാല



കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി ഹരിതകേരളം മിഷന്റെ ജല ഉപദൗത്യം ജനകീയ പങ്കാളിത്തത്തോടെയുള്ള പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ജനകീയ കൂട്ടായ്മയിലൂടെ ഉരുത്തിരിയുന്ന ഇത്തരം പദ്ധതികൾക്ക് മികച്ച സാങ്കേതിക പിന്തുണ നൽകി സുസ്ഥിരമായി നിലനിർത്തുന്നതിന് വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ ഏകോപനം ഹരിത കേരളം മിഷൻ സാദ്ധ്യമാക്കിയിട്ടുണ്ട്.



ഹരിതകേരളവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് പുഴ വീണ്ടെടുക്കലിനും അതുവഴിയുള്ള പരിസ്ഥിതി പുനസ്ഥാപനത്തിനുമായി മാതൃകാപരമായ ഒട്ടേറെ ജനകീയ ഇടപെടലുകൾ നടന്നിട്ടുണ്ട്. സംസ്ഥാനത്ത് സമാന രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധരായവർക്ക് മാർഗദർശകവും ഊർജ്ജദായകവുമായ പ്രസ്തുത ജനകീയ ഇടപെടലുകൾക്ക് നേതൃത്വം നൽകിയവരുടേയും ബന്ധപ്പെട്ട് പ്രവർത്തിച്ചവരുടേയും അനുഭവങ്ങളും അവർ അനുവർത്തിച്ച രീതിശാസ്ത്രവും പങ്കുവയ്ക്കുന്നതിന് വേണ്ടിയാണ് നദീപുനരുജ്ജീവന ശിൽപ്പശാല സംഘടിപ്പിച്ചത്. 2018 ഒക്ടോബർ 25, 26 തീയതികളിൽ തിരുവനന്തപുരം ശാസ്ത്ര-സാങ്കേതിക മ്യൂസിയം സെമിനാർ ഹാളിലാണ് പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു. ടി. തോമസ് ശില്പശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സ്വാഗതം ആശംസിച്ച ഹരിതകേരളം മിഷൻ ജലവിഭവ വിഭാഗം കൺസൾട്ടന്റ് ശ്രീ. എബ്രഹാം കോശി പുഴകളുടെ പ്രാധാന്യത്തെ സംബന്ധിച്ചും പുഴ പുനരുജ്ജീവനത്തിന്റെ പ്രസക്തിയെ സംബന്ധിച്ചും ഇതിനനുഗുണമായ ഹരിതകേരളം



മിഷൻ ലക്ഷ്യങ്ങളെ സംബന്ധിച്ചും സൂചിപ്പച്ചു. പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച അനുഭവം പങ്കുവയ്ക്കൽ ഈ രംഗത്തെ ഭാവി പ്രവർത്തനങ്ങൾക്ക് മാർഗദർശകമാകുമെന്ന് പറഞ്ഞു. ഓരോ പുഴയ്ക്കും ഓരോ കഥ പറയാനുണ്ടെന്നും ഈ കഥകളിൽ നിന്ന് നാം പാഠങ്ങൾ ഉൾക്കൊള്ളണമെന്നും സൂചിപ്പിച്ച് കൊണ്ടാണ് എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ അദ്ധ്യക്ഷപ്രസംഗം നടത്തിയത്. നദീപുനരുജ്ജീവന പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ജലവിനിയോഗത്തെക്കുറിച്ച് നല്ലൊരു കാഴ്ചപ്പാട് സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. പ്രളയത്തിന്റെ രൂക്ഷതയും ഭീകരതയും കുറയ്ക്കുവാനും നദീപുനരുജ്ജീവനം വഴി സാധിച്ചുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിന്റെ ഭൂഘടനയെക്കുറിച്ചും കേരളത്തിന്റെ മഴ ലഭ്യതയുടെ തോതിനെക്കുറിച്ചും കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 നെ കുറിച്ചും അദ്ദേഹം പ്രതിപാദിച്ചു. കണ്ണൂരിലെ കാനാമ്പുഴ മുതൽ തിരുവനന്തപുരത്ത് കിള്ളിയാർ വരെയുള്ള നദികളുടെ പുനരുജ്ജീവനം വിജയകരമായി പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ് എന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നവകേരളം കർമ്മപദ്ധതി ചീഫ് കോർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പ്, സംസ്ഥാന സർക്കാരിന്റെ വികസന ഉപദേഷ്ടാവ് ശ്രീ. സി.എസ്. രഞ്ജിത്ത്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ തുടങ്ങിയവർ സംസാരിച്ചു. സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നീർത്തട പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം സംസ്ഥാനത്ത് ആദ്യമായി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാപരമായി പൂർത്തിയാക്കിയ കോട്ടയം ജില്ലയിലെ നീർത്തട പ്ലാനുകളുടെ പ്രകാശനവും ചടങ്ങിൽ ബഹു.മന്ത്രി നിർവ്വഹിച്ചു.



കോട്ടയം ജില്ലയിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൻ നീർത്തട മാസ്റ്റർ പ്ലാനിൽ നിന്നും പദ്ധതിയിലേക്ക് എന്ന വിഷയത്തിൽ ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡോ. കെ.ജെ. ജോർജ്ജ് സംസാരിച്ചു. കോട്ടയം ജില്ലയിലെ 71 പഞ്ചായത്തുകളിലും 11 ബ്ലോക്കുകളിലും 6 മുനിസിപ്പാലിറ്റികളിലും നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്രീയമായും ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെയുമാണ് ഇവ തയ്യാറാക്കിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ 3 പ്രധാനപ്പെട്ട നദികളെയും (മണിമലയാർ, മീനച്ചിലാർ, മൂവാറ്റുപുഴയാർ) അനുബന്ധ പ്രദേശങ്ങളെയും ഉയർന്ന പ്രദേശം, സമതല പ്രദേശം, താഴ്ന്ന പ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഓരോ പ്രദേശങ്ങളിലെയും പ്രശ്നങ്ങളെ പ്രത്യേകം പ്രത്യേകം പരിഗണിച്ച് അതിനുവേണ്ട പ്രവർത്തനങ്ങളാണ് ഈ പ്ലാനുകളിൽ







ഉൾപ്പെടുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനം സാധ്യമാക്കിക്കൊണ്ട് പ്ലാനുകളുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്ത് അതാത് വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുകയാണ് വേണ്ടത്.

## പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ അനുഭവം പങ്കുവയ്ക്കൽ



സംസ്ഥാനത്ത് നടപ്പിലാക്കിയ പുഴപുനരുജ്ജീവനം സംബന്ധിച്ച അനുഭവങ്ങൾ അതിനു നേതൃത്വം നൽകിയവർ അവതരിപ്പിച്ചു. ഹരിതകേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ആർ. അജയകുമാർ വർമ്മ മോഡറേറ്ററായിരുന്നു. അവതരണങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

### 1. പെരുംതോട് നവീകരണം

**ശ്രീ. ടൈസൺ മാസ്റ്റർ എം.എൽ.എ.**

വളരെയധികം മലിനീകരിക്കപ്പെട്ട പെരുംതോട് ശുചിയാക്കുന്ന പ്രവർത്തനം ആണ് സംഘടിക്കപ്പെട്ടത്. ചെളിവന്ന് മൂടിയും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ രീതിയിലുമായിരുന്നു തോടിന്റെ അവസ്ഥ. പല സ്ഥലത്തും കക്കൂസ് മാലിന്യങ്ങൾ വരെ തോടിലേക്ക് ഒഴുക്കിവിട്ടിരുന്നു. തുടക്കത്തിൽ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, സഹകരണ സംഘം പ്രതിനിധികൾ സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി സമസ്ത മേഖലയിലുംപ്പെട്ടവരെ ഉൾപ്പെടുത്തി വിപുലമായ യോഗം ചേർന്നു സംഘാടകസമിതി രൂപീകരിച്ചു. ഇതിനു താഴെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചു. ഈ സമിതികളുടെ നേതൃത്വത്തിൽ സൂക്ഷ്മമായ ആസൂത്രണത്തോടെ വിവിധ പരിപാടികൾക്ക് രൂപം നൽകി. തോട് ശുചീകരണമാണ് ആദ്യമായി നടത്തിയ പ്രവർത്തനം. ഓരോ 50 – 100 മീറ്റർ പ്രദേശവും സന്നദ്ധസംഘടനകൾ, ഓട്ടോ തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ മുതലായവരുടെ ഓരോ ഗ്രൂപ്പുകൾക്ക് വീതിച്ച് കൊടുക്കുകയും ഒരു ദിവസം കൊണ്ട് ശുചീകരണം നടത്തുകയുമാണ് ചെയ്തത്. മനുഷ്യനെക്കൊണ്ട് ശുചീകരണ പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥലങ്ങളിൽ യന്ത്രസഹായത്തോടെ ശുചിയാക്കി. നിലവിൽ ഉണ്ടായിരുന്ന കണ്ടൽകാടുകളെ സംരക്ഷിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. ജനകീയ പ്രവർത്തനങ്ങൾക്ക് പുറമേ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 25632 തൊഴിൽ ദിനങ്ങൾ കൂടി ഇതിനായി ഉപയോഗിച്ചു. ജലനിരപ്പ് വളരെ താഴ്ന്ന ബ്ലോക്ക് പഞ്ചായത്തായിരുന്നു കൊടുങ്ങല്ലൂർ.



ജലസംഭരണം ഇവിടെ വളരെ ആവശ്യമായിരുന്നു. കൂടാതെ ഉപ്പ് വെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടയണകൾ ആവശ്യമായി വന്നു. ശുചിയാക്കിയ പുഴയിൽ പല മത്സ്യങ്ങളും ജലജീവികളും തിരിച്ചു വരുന്നത് കാണാൻ കഴിഞ്ഞു. തോട് പുനരുജ്ജീവനം സാധ്യമാക്കിയതിന്റെ ഫലമായി ഇരുകരകളിലും അതാതു പ്രദേശങ്ങൾക്കിണങ്ങിയ കൃഷികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. ജൂൺ 6 പരിസ്ഥിതിദിനത്തിൽ കുട്ടികളുടെ നേതൃത്വത്തിൽ തോടിന്റെ പാർശ്വങ്ങളിൽ വൃക്ഷത്തൈകൾ നടുന്ന പ്രവർത്തനം നടത്തി. തോട് പുനരുജ്ജീവിപ്പിച്ചതിന്റെ ഫലമായി പ്രദേശത്തെ പകർച്ചാവ്യാധികൾ പടരുന്നത് വലിയ അളവിൽ കുറയുന്നതായി കാണാൻ കഴിഞ്ഞു. തോടിൽ പല സ്ഥലത്തായി തടയണകൾ നിർമ്മിച്ച് മത്സ്യകൃഷിയ്ക്കുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. തോടിന്റെ വശങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ച് വരുന്നു. നടപ്പാതകളുടെ നിർമ്മാണവും ആലോചിച്ച് വരുന്നു.

## 2. വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി

**കാട്ടാക്കട നിയോജകമണ്ഡലം-ശ്രീ. ഐ.ബി.സതീഷ് എം.എൽ.എ.**

തിരുവനന്തപുരം ജില്ലയിലെ രണ്ട് പ്രധാന നദികളായ നെയ്യാറും കരമനയാറും അതിരിടുന്ന കാട്ടാക്കട മണ്ഡലത്തിന് സമീപത്ത് വടക്ക് കിഴക്ക് ഭാഗത്തായി അരുവിക്കര, പേപ്പാറ, നെയ്യാർ ജലസംഭരണികൾ സ്ഥിതി ചെയ്യുന്നു. 113.80 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ മണ്ഡലത്തിൽ ഒന്നാം നിര മുതൽ അഞ്ചാം നിര വരെയുള്ള തോടുകൾ 287 കിലോമീറ്ററോളം നീളത്തിൽ ഒഴുകുന്നു. ഊറ്റുകുഴികളും നീർക്കുളങ്ങളും ഉൾപ്പെടെ ചെറുതും വലുതുമായ 314 കുളങ്ങളും 43000 ത്തിലധികം കിണറുകളുമുണ്ട്. നെയ്യാർ ജലസേചന പദ്ധതിയുടെ 31 കിലോമീറ്ററോളം കനാൽ ഈ മണ്ഡലത്തിലൂടെ കടന്നു പോകുന്നു. പ്രകൃതിയുടെ വരദാനമായ ജലം ഭൂമിയിലേക്കാഴ്ന്നിറങ്ങാതെ, ഉയർന്ന സാന്ദ്രതയിൽ കാണപ്പെടുന്ന തോടുകളി ലൂടെയും കൂടുതൽ ചരിവാർന്ന പ്രദേശങ്ങളിലൂടെയും അതിവേഗം ഒഴുകി നഷ്ടപ്പെടുന്ന സാഹചര്യമാണ് മണ്ഡലത്തിൽ നിലനിന്നിരുന്നത്. ഇതെല്ലാം കൊണ്ട് തന്നെ മണ്ഡലത്തിലെ ജലദൗർലഭ്യത്തിന് അടിയന്തിര പരിഹാരം തേടേണ്ടത് അത്യാവശ്യമായിരുന്നു.




ചരിവ് കൂടുതലുള്ള പ്രദേശങ്ങളിലൂടെയുള്ള നീരൊഴുക്ക് ക്രമീകരിച്ച് പരമാവധി ജലം ഭൂമിയിൽ ആഴ്ന്നിറങ്ങുന്നതിനും അതിലൂടെ ജലസ്രോതസ്സുകളിൽ വെള്ളം എത്തിക്കുവാനും ഭൂഗർഭജലത്തിന്റെ ലഭ്യത മെച്ചപ്പെടുത്തി മണ്ഡലം ജലസമൃദ്ധമാക്കുന്നതിനുമുള്ള ഒരു ജനകീയ സംരംഭമാണ് 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി'. പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണത്തോടൊപ്പം ശരിയായ ജലവിനിയോഗത്തിന്റെ ആവശ്യകത ജനങ്ങളിലെത്തിക്കുവാനുള്ള ജലസാക്ഷരതാ യജ്ഞത്തിനും മുൻതൂക്കം നൽകുന്നുണ്ട്.

### 2.1 ജലവിഭവ പരിപാലനരേഖ

അടിസ്ഥാന വിവര ശേഖരണം, ദ്വിതീയ വിവരങ്ങൾ, ഉപഗ്രഹ ചിത്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും

പ്രാദേശിക അഭിപ്രായങ്ങളും കൂടി പരിഗണിച്ചുള്ള പരിഹാരങ്ങളും നിർദ്ദേശിക്കുന്ന ജലവിഭവ പരിപാലന രേഖകേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സാങ്കേതിക മേൽനോട്ടത്തിൽ തയ്യാറാക്കിയിരുന്നു.

പദ്ധതി രേഖയിൽ ഹ്രസ്വകാല കർമ്മ പരിപാടികളും ദീർഘകാല പരിപാടികളും ഉൾപ്പെടുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ എങ്ങനെ ഉപയോഗപ്പെടുത്താം, നിലവിലുള്ള കുളങ്ങൾ, പൊതുക്കിണറുകൾ എന്നിവ എങ്ങനെ സംരക്ഷിച്ച് കൂടുതൽ ഉപയോഗപ്രദമാക്കാം, പുതുതായി കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലസംഭരണം എങ്ങനെ സാധ്യമാക്കാം, കിണർ നിറയ്ക്കൽ ഉൾപ്പെടെയുള്ള തൽസ്ഥല ജല സംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെ



അവലംബിക്കാം, ഓരോ പ്രദേശത്തിനും അവലംബിക്കാവുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയാണ് പരിപാലനരേഖയിലെ കർമ്മ പരിപാടികളിലുള്ളത്.

ജലസമൃദ്ധമായ കാട്ടാക്കട മണ്ഡലം, ജലസുരക്ഷ-ജീവസുരക്ഷ, ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലഗുണനിലവാര പരിശോധന, ജനകീയ ബോധവൽക്കരണ പരിപാടികൾ എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ ലോക അന്താരാഷ്ട്ര ജലദിനമായ 2017 മാർച്ച് 22 ന് കരമനയാറിന്റെ തീരത്ത് തുടക്കം കുറിച്ചു.പ്രചരണ അവബോധപരിപാടികൾ, പരിശീലന പരിപാടികൾ, നിർമ്മാണപ്രവർത്തനങ്ങൾ, തുടർപരിപാലന പരിപാടികൾ എന്നിവയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കിയത്. തുടർന്ന് കിണറുകളിലെ ജലഗുണനിലവാര പരിശോധന കുളങ്ങൾ വൃത്തിയാക്കൽ, തോട്, കനാൽ, ശുചീകരണം, എന്നിവ നടപ്പിലാക്കി. രണ്ടാം ഘട്ടമായി ജലസ്രോതസ്സുകളുടെ സംരക്ഷണവും നവീകരണവും, കിണർ റീചാർജ്ജ്, തടയണനിർമ്മാണം, മണ്ണുജലസംരക്ഷണ പരിപാടികൾ, മഴവെള്ളക്കൊയ്ത്ത് എന്നീ പ്രവർത്തനങ്ങൾ നടത്തി. ഈ പ്രവർത്തനങ്ങൾ ഗ്രാമവികസന വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ്, ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, ഭൂജല വകുപ്പ്, മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ്, മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ നിലവിലുള്ള പദ്ധതികളുടെ സംയോജനം, ജനകീയപ്രവർത്തനങ്ങൾ, സ്പോൺസറിങ് എന്നിവ വഴിയാണ് നടത്തിയത്. പദ്ധതിയിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കുന്നതിന് വിപുലമായ സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഹരിത കേരളം മിഷൻ ഊന്നൽ നൽകുന്ന ജല സംരക്ഷണ മേഖലയിൽ ഒരു മോഡൽ പദ്ധതി കൂടിയാണ് ''വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി''-കാട്ടാക്കട മണ്ഡലം.

## 2.2 ജലനിരപ്പ് ഉയരുന്നു

കേന്ദ്ര ഭൂജല ബോർഡിലും സംസ്ഥാന ഭൂജല വകുപ്പിലും ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന രണ്ട് തുറന്ന

കിണറുകളിലും മൂന്ന് നിരീക്ഷണ കുഴൽ കിണറുകളിലും ജനുവരി മാസത്തെ ജലനിരപ്പ് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2018 ൽ ഉയർന്നതായി കാണുന്നു. ജല സമൃദ്ധി പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷക്കാലം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രദേശത്തെ ഭൂഗർഭജല നിരപ്പ് ഉയർത്തുവാൻ സഹായിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്. ഇത് കൂടാതെ ആർട്ടിഫിഷ്യൽ റീചാർജിംഗ് നടപ്പിലാക്കിയ 14 സ്കൂളുകളിലും പരിസര പ്രദേശത്തെ കിണറുകളിലും ജലലഭ്യതയിൽ വന്നിട്ടുള്ള പ്രകടമായ പുരോഗതി പദ്ധതിയുടെ വിജയത്തോടൊപ്പം ജനങ്ങളിൽ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.



തോട് പുനരുജ്ജീവനത്തിന്റെ മാതൃകാ പദ്ധതിയായി നിയോജക മണ്ഡലത്തിന്റെ മദ്ധ്യഭാഗത്തുള്ള ചെറുനീർത്തടത്തിലെ പ്രധാന തോടായ കടുവാക്കുഴി- കൊല്ലോട്-കല്ലുവരമ്പ് തോട് (6 കിലോമീറ്റർ) നീർത്തട നടത്തവും തുടർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച് 53 ചെറു തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം നടത്തിയതിന്റെ ഫലമായി വേനൽ തുടങ്ങി മാർച്ച് മാസമായിട്ടും തോടിൽ ജലം ലഭിക്കുന്നത് ജലസമൃദ്ധി പ്രവർത്തനങ്ങളുടെ വിജയമാണെന്ന് തദ്ദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. സമീപ പ്രദേശങ്ങളിലെ തോടുകൾ വറ്റിയ സമയത്താണ് ഇതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജലക്ഷാമം അതിരൂക്ഷമായിരുന്ന പള്ളിച്ചൽ പഞ്ചായത്തിലെ മൂന്നാം വാർഡിൽ നടപ്പിലാക്കിയ പാറ ക്വാറിയിൽ നിന്നുള്ള റീചാർജിംഗിലൂടെ പ്രദേശത്തെ 15 കിണറുകൾ ജലസമൃദ്ധമാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിഞ്ഞതും വലിയ നേട്ടമായി പ്രദേശവാസികൾ വിലയിരുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച 150 കാർഷിക കുളങ്ങളിലൂടെ വലിയൊരളവ് ജലം ഭൂമിയിലേക്ക് ആഴ്ന്നിറക്കിയതിലൂടെ പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ റെക്കാർഡുകളിൽ ഉണ്ടാകുകയും കാലക്രമേണ മൂടപ്പെട്ട് പോവുകയും ചെയ്ത തോടുകളും കുളങ്ങളും വീണ്ടെടുക്കുവാനുള്ള വലിയ ഒരു മുന്നേറ്റത്തിന് തുടക്കം കുറിക്കുവാൻ സാധിച്ചു. ഇതിൽ എടുത്ത് പറയേണ്ടത് വിളപ്പിൽ പഞ്ചായത്തിലെ അലകുന്നം വാർഡിലെ ചെറുകോട് കുഞ്ചുകോണം തോടും(1200 മീറ്റർ), മാറനെല്ലൂർ പഞ്ചായത്തിലെ അരുമാളൂർ വാർഡിലെ കുളവുമാണ് (46 സെന്റ്) മേൽ പദ്ധതികൾ കൂടതൽ പ്രദേശങ്ങളിൽ ഏറ്റെടുവാൻ ജനപ്രതിനിധികൾ മുന്നോട്ട് വരുന്നത് പദ്ധതിയുടെ വിജയമാണ്.

### 2.3 നീർത്തട സംരക്ഷണ യാത്ര

ജലസമൃദ്ധമായ നാളേക്ക് വേണ്ടി മണ്ഡല അതിർത്തിയായ കാട്ടാക്കട പഞ്ചായത്തിലെ കടുവാക്കുഴി മുതൽ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവരമ്പ് വരെ സംഘടിപ്പിച്ച നീർത്തട



സംരക്ഷണ യാത്ര ശ്രദ്ധേയമായി. ഐ.ബി. സതീഷ് എം.എൽ.എയും ജില്ലാ കളക്ടർ ഡോ. വാസുകിയും നേതൃത്വം നൽകിയ യാത്രയിൽ ജില്ലയിലെ വികസനവകുപ്പിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നാട്ടുകാരും പങ്കെടുത്തു. തോടിന്റെ തീരങ്ങളിൽ തൈകൾ നട്ടും, ജലപ്രതിജ്ഞ എടുത്തും തദ്ദേശവാസികൾ യാത്രയിൽ അണിചേർന്നു.

തോട് പുനഃസമർപ്പണം: ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കടുവാക്കുഴി മുതൽ കല്ലുവരമ്പ് വരെ 6 കി.മീറ്റർ നീളം തോടിന്റെ ഇരുവശങ്ങളും വൃത്തിയാക്കി തടസ്സങ്ങളും മാലിന്യങ്ങളും നീക്കം ചെയ്ത് തോടിൽ നീരൊഴുക്ക് സാധ്യമാക്കുകയെന്നതായിരുന്നു ആദ്യ പ്രവർത്തനം. തുടർന്ന് ഫീൽഡ് പരിശോധനയിലൂടെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി 19 ജൈവതടയണകളും, 29 ചാക്ക് തടയണകളും, 6 കല്ല് തടയണകളും നിർമ്മിച്ചു. ഒഴുകി നഷ്ടപ്പെടുമായിരുന്ന ജലത്തെ തടഞ്ഞു നിർത്തി ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നതിന് ഇതിലൂടെ അവസരമൊരുക്കി. ഈ തോടിൽ വന്നുചേരുന്ന 9 കൈതോടുകളിൽ 3 എണ്ണം വൃത്തിയാക്കി തോടിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം ജനുവരി പകുതിയോടെ തന്നെ നീരൊഴുക്ക് നിലച്ചു തുടങ്ങിയിരുന്ന ഈ തോടിൽ വിവിധ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ച് ജലസമൃദ്ധമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## 2.4 കുളം നവീകരണം

ജലസേചന വകുപ്പ് ഹരിതകേരളം മിഷൻ ഘടകത്തിൽ ഉൾപ്പെടുത്തി നിയോജക മണ്ഡലത്തിലെ 10 കുളങ്ങൾ നവീകരിക്കുന്ന പണികൾ പുരോഗമിക്കുകയാണ്.

## 2.5 പുതിയ 150 കാർഷിക കുളങ്ങൾ



സാമാന്യം മോശമല്ലാത്ത മഴ ലഭിക്കുന്നുണ്ടെങ്കിലും പ്രദേശത്തെ ഭൂഗർഭജല നിരക്ക് ആശങ്കാജനകമായി താഴുന്നതായിട്ടാണ് മുൻ പഠനങ്ങളിൽ നിന്നും മനസ്സിലായത്. ചെറു തോടുകളുടെ സാന്ദ്രത കൂടുതലായതിനാലും നിമ്നോന്നമായ ഭൂപ്രകൃതിയായതിനാലും ലഭിക്കുന്ന മഴ വേഗത്തിൽ ഒഴുകി നഷ്ടപ്പെടുന്ന അവസ്ഥയാണ് കണ്ട് വരുന്നത്. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ഒരു വാർഡിൽ കുറഞ്ഞത് ഒരു പുതിയ കുളം നിർമ്മിക്കുകയെന്ന ലക്ഷ്യമിട്ട് 122 വാർഡുകളിലായി 150 പുതിയ കാർഷിക കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുളങ്ങൾ നിർമ്മിച്ചത്.

## 2.6 ചെറുതോടുകളുടെ നവീകരണം

സാധാരണയിൽ നിന്ന് വ്യത്യസ്തമായി രണ്ടാം നിര, മൂന്നാം നിര തോടുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കൃത്യമായ ഇടവേളകളിൽ (അമ്പത് മുതൽ നൂറു മീറ്റർ അകലത്തിൽ) ജൈവ തടയണകൾ നിർമ്മിക്കുന്നതിന് തീരുമാന

മെടുക്കുകയും അത്തരത്തിൽ ഈ വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തനം നടത്തിയ എല്ലാ ചെറുതോടുകളിലും ജൈവ തടയണകളും കല്ലു തടയണകളും നിർമ്മിച്ചും ഇതിലൂടെ ജലത്തിന്റെ ഒഴുക്ക് നിയന്തിക്കുന്നതിനും തോടുകളിൽ മഴക്കാലത്തിന് ശേഷവും ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## 2.7 തോട് പുനരുജ്ജീവനം

റവന്യൂ രേഖകളിൽ മാത്രം അവശേഷിക്കുന്ന ചെറുകോട് കുഞ്ചുകോണം തോട് ജനപ്രതിനിധിയുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും നിശ്ചയദാർഢ്യത്തിന്റെ ഫലമായി പുനർജനിച്ചു. വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ചെറുകോട് കുഞ്ചുക്കോണം ഏലായുടെ സമീപത്തായി 30 വർഷത്തോളം മണ്ണ് മൂടി കിടന്ന തോടാണ് ഇപ്പോൾ പുനരുജ്ജീവിപ്പിച്ചത്. നിലവക്കാട് കുളത്തിൻ നിന്നും ആരംഭിച്ച് വിട്ടിയം അലകുന്നം തോടിലാണ് പുതിയ തോടിനെ ബന്ധിപ്പിച്ചത്.

## 2.8 സംഘടനകളുടെ സഹകരണം

ജലസമൃദ്ധി പദ്ധതിയുമായി 12 സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ സഹകരിക്കുന്നു. ഇതോടൊപ്പം കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, നെഹ്റു യുവകേന്ദ്ര, നല്ലപാഠം, എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങി നിരവധി സംഘടനകൾ ജലസമൃദ്ധി പദ്ധതിയുമായി സഹകരിക്കുന്നു.

## 2.9 ജലമിത്ര സംഗമം

പദ്ധതി ജനകീയമാക്കുന്നതിന് നേതൃപരമായ പങ്ക് വഹിക്കുന്നവരാണ് ജലമിത്രങ്ങൾ. സംസ്ഥാന യുവജനക്ഷേമ ബോർഡുമായി ചേർന്ന് ജലമിത്രങ്ങളുടെ ആദ്യസംഗമം 2017 ജൂലൈ 8 ന് മലയിൻകീഴ് ജി.എച്ച്.എസ്.എസ് ൽ നടന്നു.

## 2.10 സന്ദർശനങ്ങൾ

ജലസമൃദ്ധി പദ്ധതിയുടെ വിജയഗാഥ നേരിട്ട് കാണുന്നതിനായി ജപ്പാനിലെ നിഹോൺ-ഫുക്കുഷി യൂണിവേഴ്സിറ്റിയുടെ പഠനസംഘം, സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറി ടിങ്കു ബിസ്വാൾ ഐ.എ.എസ്, ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, ജലവിഭവ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെ, പദ്ധതി പ്രദേശം സന്ദർശിച്ച് പുരോഗതി വിലയിരുത്തി.



## 2.11 എൻ.എസ്.എസ്. ക്രിസ്മസ് അവധിക്കാല ക്യാമ്പ്

15 വിദ്യാലയങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എൻ.എസ്.എസ് വോളന്റിയർമാർ

നിയോജക മണ്ഡലത്തിലെ 15 ജലസ്രോതസ്സു(തോട്/കുളം) കളുടെ സമീപത്തായി ഓരോ വിദ്യാലയത്തിൽ ക്യാമ്പു ചെയ്ത് ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. ഒറ്റത്തവണ പ്രവൃത്തിയായി അവസാനിപ്പിക്കാതെ ഈ ജലസ്രോതസ്സിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങളും വരും നാളുകളിൽ ഏറ്റെടുക്കുന്നതാണ്. കൈതോടുകൾ നവീകരിച്ചതിനോടൊപ്പം തോടിൽ ജലം തടഞ്ഞ് നിർത്താൻ കഴിയുന്ന ചെറിയ ജൈവ തടയണകളും, ചാക്ക് തടയണകളും, കല്ല് തടയണ കളും സ്ഥലത്തിന് അനുയോജ്യമായ തരത്തിൽ നിർമ്മിച്ചു. കൂടാതെ ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശങ്ങളിൽ (ജലസ്രോതസ്സിലേക്ക് വെള്ളം ഒഴുകി വരുന്ന പ്രദേശം) മഴക്കുഴികൾ നിർമ്മിച്ചും വൃക്ഷങ്ങളുടെ തടം വൃത്തിയാക്കിയും ജലം സംഭരിക്കാൻ കഴിയുന്ന സംവിധാനങ്ങൾ തദ്ദേശവാസികളുടെ സഹായത്തോടെ നടപ്പിലാക്കി. ക്യാമ്പിന്റെ ഭാഗമായി ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശത്ത് താമസിക്കുന്നവരുടെ വീടുകൾ സന്ദർശിച്ച് ജലവിനിയോഗത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ജലസാക്ഷരതാ ക്യാമ്പയിൻനടത്തി. ക്യാമ്പ് അംഗങ്ങളായ വിദ്യാർത്ഥികൾ ജലസംരക്ഷണവുമായി ബന്ധപ്പെട്ട കലാപരിപാടികൾ തയ്യാറാക്കി അവതരിപ്പിച്ചു.

നീർച്ചാലുകളുടെ സംരക്ഷണമെന്നത് കേവലമായി അതിനെ ശുചിയാക്കലും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കലും എന്നതിലുപരി അതിലേയ്ക്ക് ജലമൊഴുകിയെത്തുന്ന മുഴുവൻ പ്രദേശത്തും (നീർത്തടത്തിൽ) നടത്തുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ, ജലം മണ്ണിലേയ്ക്ക് താഴ്ത്തി ഭൂജല നിരപ്പ് ഉയർത്തി അവയിലേയ്ക്കുള്ള ഉറവകളെ സജീവമാക്കുകയും അതുവഴി അവയിൽ സ്ഥിരമായ നീരൊഴുക്ക് ഉറപ്പാക്കുകയും ചെയ്യുക എന്ന തികച്ചും ശാസ്ത്രീയമായ നീർത്തടാധിഷ്ടിത സംരക്ഷണ രീതിയാണ് കാട്ടാക്കട ജലസമൃദ്ധയിൽ സ്വീകരിച്ചിട്ടുള്ളത്. പൊതു ധനവിനിയോഗം പരമാവധി കുറച്ച് ജനകീയ ഇടപെടലിലൂടയും വിവിധ ഏജൻസികളുടെ ഏകോപനത്തോടെയും കൃത്യമായ ആസൂത്രണം സാധ്യമാക്കിയാണ് പദ്ധതി വിജയത്തിൽ എത്തിച്ചിട്ടുള്ളത്.

## 3. മണിമലയാർ പുനരുജ്ജീവനം

**ഡോ.എൻ.ജയരാജ് എം.എൽ.എ**

ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന 121 കി.മീ നീളമുള്ള ഒരു പുഴയാണ് മണിമലയാർ. അനവധി പുഴ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ മണിമലയാറുമായി ബന്ധപ്പെട്ട് പല സമയങ്ങളിലായി നടന്നുവെങ്കിലും



അവയൊന്നും തന്നെ ലക്ഷ്യം കണ്ടില്ല. നാലു ജില്ലകളിലൂടെയും വിവിധ നിയോജക മണ്ഡലങ്ങളിലൂടെയും കടന്നു പോകുന്ന പുഴയുടെ പുനരുജ്ജീവനത്തിന് ഏകോപനത്തോടെയുള്ള ആസൂത്രിത പ്രവർത്തനം ആവശ്യമായി വരും. ഈയവസരത്തിലാണ് മണിമലയാർ പുനരുജ്ജീവനത്തിന് വേണ്ടിയുള്ള ഒരു ശ്രമം വാഴൂർ നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളിൽ ആരംഭിച്ചത്. ഇതിന് പ്രധാന പങ്ക് വഹിച്ചത് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. സുബിൻ, ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സ്റ്റഡീസിന്റെ ഡയറക്ടറും മണർകാട്

സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പലുമായ ഡോ.പുന്നൻ കുര്യൻ എന്നിവരാണ്. മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനർ സംയോജന പദ്ധതിയിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടത്. ഉയർന്ന പ്രദേശം, സമതലം, തീരപ്രദേശം എന്നിങ്ങനെ പുഴയൊഴുകുന്ന പ്രദേശങ്ങൾക്ക് അനുസരിച്ച് പുഴയുടെ സ്വഭാവത്തിലും മാറ്റം വരും എന്നതുകൊണ്ട് ഇടപെടലുകളും അത്തരത്തിലേക്ക് വേണ്ടതുണ്ട്. മണിമലയാറിൽ വന്നു ചേർന്ന 4540 കി.മീ തോടുകളാണുള്ളത്. മണിമലയാർ സംരക്ഷിക്കുന്നതിന് പ്രധാനമായും തോടുകൾ ആണ് സംരക്ഷിക്കപ്പെടേണ്ടത്. ഇതിന് മുന്നോടിയായി 2018 ഒക്ടോബർ 2 ന് ഒരു പുഴയാത്ര സംഘടിപ്പിച്ചു. ജനങ്ങൾ വളരെ ആവേശത്തോടെയാണ് ഈ പുഴയാത്രയെ സ്വീകരിച്ചത്. ഓരോ പ്രദേശത്തെയും ആൾക്കാർ അവരുടെ ഓർമ്മകളും അനുഭവങ്ങളും ആശയങ്ങളും പങ്കുവച്ചു. പുഴയെ അടുത്തറിയാൻ പുഴയാത്ര സഹായിച്ചു. ജനങ്ങൾ ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സന്നദ്ധരാണ് എന്നുള്ളതും പുഴനടത്തത്തിൽ ബോധ്യപ്പെട്ടു. ഇതിന് തുടർച്ചയായി തോടുകൾ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ച് ഒരാഴ്ചയിൽ ഒരു തോടെങ്കിലും ജനകീയ പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. എല്ലാ പ്രദേശത്തും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യാപാരികളുടെയൊക്കെ യോഗങ്ങൾ വിളിച്ചുചേർത്ത് മലിനീകരണം ഒഴിവാക്കുന്നതിന് വേണ്ട തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞു. പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻകേരള കമ്പനിയുമായി ചേർന്ന് കൂടിയാലോചനകൾ നടത്തി. പുഴ പുനരുജ്ജീവനം ശാസ്ത്രീയമായ കാഴ്ചപ്പാടോടെ ജനകീയമായി നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഇത്തരത്തിൽ നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതി നിർവ്വഹണത്തിലൂടെയാണ് പുഴയെ വീണ്ടെടുക്കാൻ ലക്ഷ്യമിടുന്നത്. അതോടൊപ്പം തന്നെ പ്രാദേശിക ടൂറിസം പദ്ധതിക്ക് അനുയോജ്യമായി പുഴ യാത്രയിൽ കണ്ടെത്തിയ സ്ഥലങ്ങളെ പ്രാദേശികമായിതന്നെ അത്തരത്തിൽ വികസിപ്പിച്ചുകൊണ്ടുവരുന്നതിനു പുഴയൊഴുകുന്ന പ്രദേശങ്ങളിലെ സാംസ്കാരിക ചരിത്രം രേഖപ്പെടുത്തുന്നതിനു ലക്ഷ്യമിടുന്നു. മണിമലയാർ സംരക്ഷണം ഉറപ്പാക്കാൻ പുഴയൊഴുകുന്ന മുഴുവൻ പ്രദേശങ്ങളിലും ജനകീയ സമിതികൾ രൂപീകരിച്ച് ഏകോപനത്തോടെയുള്ള പ്രവർത്തനമാണ് വേണ്ടത്.

## 4. മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ സംയോജന പദ്ധതി

**അഡ്വ. കെ.അനിൽകുമാർ(കോ-ഓർഡിനേറ്റർ)**

കോട്ടയം ജില്ലയിൽ അയർക്കുന്നം, മണർക്കാട്, വിജയപുരം കോട്ടയം മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 1100ലധികം ഏക്കർ വരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് മീനച്ചിലാറിനെയും മീനന്തറയാറിനെയും യോജിപ്പിക്കുന്ന തോട് പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കുന്നതിനുള്ള പ്രത്യക പദ്ധതിയാണിത്. കോട്ടയത്തിന്റെ കിഴക്കു ഭാഗത്ത് പശ്ചിമഘട്ടത്തിൽനിന്നും ആരംഭിക്കുന്ന മീനച്ചിലാർ 78 കി.മീറ്റർ ഒഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്നു. കോട്ടയം ജില്ലയുടെ ഏകദേശം 66%ത്തോളം ഭൂപ്രദേശം ഈ നദീത



ടത്തിന്റെ ഭാഗമാണ്. ആളുമാനൂരിൽ മീനച്ചിലാറിൽനിന്നും ആരംഭിച്ച് അയർക്കുന്നം മണർക്കാട് വീയ്യപുരം പഞ്ചായത്തുകളിലൂടെ ഒഴുകി കോട്ടയം പട്ടണത്തിനു സമീപം തിരിച്ച് മീനച്ചിലാറിൽ തന്നെ ചേരുന്ന ഒരു പ്രധാന കൈവഴിയാണ് മീനന്തറയാർ. മീനച്ചിലാർ വേമ്പനാട് കായലിൽ പതിക്കുന്നതിന് തൊട്ടു മുൻപ് നദിയുമായി ചേരുന്ന മറ്റൊരു കൈവഴിയാണ് കൊടുരാർ.

വളരെ പ്രാചീന കാലം മുതൽ തന്നെ ചെറുനദികളും അരുവികളും മനുഷ്യ നിർമ്മിതമായ കനാലുകളും ഈ നദികളെ പരസ്പരം ബന്ധിപ്പിച്ചിരുന്നു. ഏകദേശം 3000 കിലോ മീറ്ററിലധികം നീളം വരുന്ന ജലസേചന-ജല നിർഗ്ഗമന ചാലുകളുടെ ശൃംഖല ഈ പ്രദേശത്ത് ഉണ്ടായിരുന്നതായാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ ചില ചാലുകൾ കൊല്ലം-കൊച്ചി ജലപാതയുടെ പോലും ഭാഗമായിരുന്നു. ജലപാതകളുടെ പ്രാധാന്യമില്ലാതെയായതും ഭൂഉപയോഗത്തിൽ വന്ന മാറ്റവും ഇവയിൽ പലതും നികന്നു പോകുന്നതിനും ശേഷിക്കുന്നവ വെള്ളക്കെട്ടുകളും മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും ആകുന്നതിനും കാരണമായി. ഇതിന് തുടർച്ചയായി നെൽകൃഷിയുടെ വിസ്തൃതി കുറയുകയും തണ്ണീർത്തടങ്ങൾ നികന്നു പോകുന്നതിനും കിണറുകളും കുളങ്ങളും മലിനപ്പെടുകയോ വറ്റിപ്പോകുകയോ ചെയ്യുന്നതിനും ഇടയായി. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇത് വലിയ ആഘാതമുണ്ടാക്കി. ഒരു പരിധിവരെ ഇതൊക്കെ പകർച്ച വ്യാധികൾ പകരുന്നതിനും ജീവിത സാഹചര്യം കൂടുതൽ മോശമാകുന്നതിനും കാരണമായി.

ഈ സാഹചര്യത്തിലാണ് മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ സംയോജനത്തിനുള്ള ഒരു പരിസ്ഥിതി പുനസ്ഥാപന പ്രവത്തനത്തെക്കുറിച്ചുള്ള ചിന്തകൾ ഉടലെടുക്കുന്നത്. ഗ്രീൻ ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ഒരുകൂട്ടം യുവാക്കൾ നടത്തിയ നട്ടാശ്ശേരിത്തോട് വൃത്തിയാക്കൽ പ്രവർത്തനമാണ് ഈ പദ്ധതിയ്ക്ക് പ്രചോദനമായത്. ഈ വീണ്ടെടുക്കൽ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ മുഴുവൻ പ്രദേശത്തേയും സുസ്ഥിര വികസനത്തിന് വഴിയൊരുക്കും എന്ന ബോധമാണ് നദീ പുനഃസംയോജനത്തിനുള്ള ജനകീയ സംരംഭത്തിന് തുടക്കമിട്ടത്. 2017 ആഗസ്റ്റ് 28 ന് ബഹു. ധനകാര്യമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത ഈ ജനകീയ സംരംഭത്തിൽ പാരിസ്ഥിതിക-സാമൂഹ്യ മേഖലകളിൽ പ്രവർത്തിക്കുന്ന പതിനഞ്ചോളം സംഘടനകളും വിവിധ മേഖലകളിൽനിന്നുമുള്ള വ്യക്തികളും രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക വേർതിരിവുകൾ ഒന്നുമില്ലാതെ പങ്കാളികളായി. അയർക്കുന്നം, മണർക്കാട്, പുതുപ്പള്ളി, വാകത്താനം, പനച്ചിക്കാട്, തിരുവാർപ്പ്, അയ്മനം, കുമരകം ഗ്രാമപഞ്ചായത്തുകളും കോട്ടയം മുനിസിപ്പാലിറ്റിയും ചേർന്നതാണ് ഈ ജനകീയ പരിപാടിയുടെ പദ്ധതി പ്രദേശം.

നിർവ്വഹണത്തിനായി ഓരോ നീർച്ചാലിനു വേണ്ടിയും അല്ലെങ്കിൽ ഓരോ ചെറിയ പ്രദേശത്തിനു വേണ്ടിയും ഓരോ കമ്മിറ്റിയ്ക്ക് രൂപം കൊടുത്തു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റേയും ഇടപെടൽ സാധ്യമാക്കിക്കൊണ്ടും നേരത്തേ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനപരിപാടിയിലെ സമയക്രമം പാലിച്ചുകൊണ്ടും ജലസ്രോതസ്സുകളുടെ സംരക്ഷണം, തരിശുനില കൃഷി, മാലിന്യ നിക്ഷേപം തടയൽ, ഗ്രാമീണ വിനോദ സഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തൽ എന്നിവയുടെ സംഘാടനമാണ് ഈ കമ്മിറ്റികളുടെ ഉത്തരവാദിത്വം.

പ്രവർത്തനത്തിനാവശ്യമായ ധനസമാഹരണം സമ്പൂർണ്ണ സുതാര്യത ഉറപ്പാക്കിക്കൊണ്ട് അതാത് പ്രദേശത്തുനിന്നും പ്രാദേശികമായിത്തന്നെ സ്വരൂപിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത്തരത്തിൽ മുപ്പതിലധികം കമ്മിറ്റികൾ പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നു. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകത്തക്ക രീതിയിൽ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് മുഖ്യ സംഘാടക സമിതിയുടെ പ്രവർത്തനം.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സർക്കാർ വകുപ്പുകളും മറ്റ് ഏജൻസികളും തുടക്കം മുതൽ തന്നെ ജനകീയ സമിതിയോടൊപ്പം ചേർന്ന് പ്രവർത്തിച്ചു എന്ന കാര്യം ശ്രദ്ധേയമാണ്. ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ജല ഉപമിഷനുമായി ബന്ധപ്പെട്ട ജില്ലാ സാങ്കേതിക സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കർമ്മ സമിതിയും ജനകീയ സമിതിയ്ക്ക് വലിയ പിന്തുണയായി. കൃഷി, ജലസേചനം, മൃഗസംരക്ഷണം, ഗ്രാമവികസനം, റവന്യൂ, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, ടൂറിസം, ആരോഗ്യം, ആസൂത്രണം, സഹകരണം, പോലീസ് എന്നീ സർക്കാർ വകുപ്പുകളും കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, കുടുംബശ്രീ, ശുചിത്വമിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയും ഇത്തരത്തിൽ പദ്ധതിയുമായി സഹകരിച്ച് സജീവ പങ്കാളികളായി. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ മാതൃകാപരമായി ഏകോപിപ്പിക്കുന്നതിനും അവർ തമ്മിലുള്ള പരസ്പര ആശയ വിനിമയത്തിലൂടെ ആസൂത്രണവും നിർവ്വഹണവും സാധ്യമാക്കുന്നതിനും സാധിച്ചുവെന്നത് എടുത്തു പറയേണ്ടതാണ്. വിവിധ വകുപ്പ് മേധാവികളുടേയും വിവിധ തട്ടിലുള്ള ഭരണാധികാരികളുടേയും ജനപ്രതിനിധികളുടേയും സാന്നിദ്ധ്യവും ഉപദേശങ്ങളും പ്രവർത്തന സംഘടാനത്തിന് സഹായകമായി.

### 4.1 പ്രധാന നേട്ടങ്ങൾ

1. മീനന്തറയാർ നദീതടത്തിൽ 540 ഏക്കർ പ്രദേശത്തും കൊടൂരാർ നദീതടത്തിൽ 218 ഏക്കർ പ്രദേശത്തും തരിശുഭൂമി കൃഷിയോഗ്യമാക്കി കൃഷി പുനരാരംഭിച്ചു.
2. 700 കിലോമീറ്റർ നീളം നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. (അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുകയും വീതി കൂട്ടുകയും പാർശ്വസംരക്ഷണം നടത്തുകയുമാണ് ചെയ്തത്. സമീപ കിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പിനെ ബാധിക്കാത്ത തരത്തിൽ ശാസ്ത്രീയ വിലയിരുത്തൽ നടത്തിയാണ് മണ്ണ് നീക്കം ചെയ്തത്.)
3. പുഴയോരത്തെ 22 ഏക്കർ കയ്യേറ്റം ഒഴിപ്പിച്ചു.
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി (424290 മനുഷ്യ തൊഴിൽ ദിനങ്ങൾ) നിലമൊരുക്കലും കയർ ഭൂവസ്ത്രം വിരിച്ച് പാർശ്വസംരക്ഷണവും സാധ്യമാക്കി.
5. നാല് ഗ്രാമീണ വിനോദ സഞ്ചാര പദ്ധതികൾക്ക് രൂപം നൽകി. (മലരിക്കൽ ഫെസ്റ്റ്, പടിയറക്കവ് വാട്ടർ ടൂറിസം, വാകത്താനം പൈതൃകമേള, കവണാറ്റിൻകര വെക്കേഷൻ ഹാർവെസ്റ്റ്) കൂടതൽ ജനങ്ങളെ ഈ ജനകീയ പരിപാടിയിലേക്ക് ആകർഷിക്കുന്നതിന് വഴിയൊരുക്കി.
6. 31 ഗ്രാമപഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലുമായി 'എല്ലാവരും ജലാശയങ്ങളിലേയ്ക്ക്' എന്ന വിപുലമായൊരു ജനകീയ ക്യാമ്പയിന് രൂപം നൽകി നടപ്പിലാക്കി.

7. പദ്ധതി പ്രദേശത്തെ പ്രീസ്കൂൾ മുതൽ സർവ്വകലാശാല വരെയുള്ള വിദ്യാർത്ഥികൾക്ക് പാരിസ്ഥിതിക പുനഃസ്ഥാപനം, പരിസ്ഥിതി എന്നിവ സംബന്ധിച്ച പഠനത്തിനുള്ള പ്രായോഗിക വേദിയാക്കി.
8. പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ ജനകീയമായി ശുചിയാക്കി.

### 4.2 ഭാവി പ്രവർത്തന ലക്ഷ്യങ്ങൾ

1. ജലസ്രോതസ്സുകളുടെ പ്രളയാനന്തര ശുചീകരണവും പുനരുജ്ജീവനവും സാദ്ധ്യമാക്കൽ.
2. പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യൽ, പാട ശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പിക്കൽ, ജലഗതാഗതം, കൃഷി എന്നിവയ്ക്ക് വേണ്ട സൗകര്യമൊരുക്കൽ.
3. 2000 കിലോ മീറ്റർകൂടി നീളത്തിൽ നീർച്ചാലുകളുടെ പുനരുദ്ധാരണം പ്രവർത്തനങ്ങൾ.
4. നെൽകൃഷി 2100 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കൽ.
5. പദ്ധതിയുടെ പ്രവർത്തനം മീനച്ചിലാർ നദീതടത്തിന്റെ മുഴുവൻ പ്രദേശത്തേയ്ക്കും കോട്ടയം ജില്ലയുടെ മുഴുവൻ പ്രദേശത്തേയ്ക്കും വ്യാപിപ്പിക്കൽ.
6. നീരൊഴുക്കും ജലഗതാഗതവും സുഗമമാക്കുന്ന തരത്തിൽ പാലങ്ങൾ, കലുങ്കുകൾ മുതലായവയുടെ പുനർനിർമ്മാണം.



## 5. ആദിപമ്പ-വരട്ടാർ സംരക്ഷണം

**ശ്രീമതി ബീനാ ഗോവിന്ദ് (കോ-ഓർഡിനേറ്റർ)**

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകുന്ന പമ്പയുടെ പൂർവ്വകാല നീർച്ചാലായ ആദിപമ്പയും ആദി പമ്പയിൽ നിന്ന് ആരംഭിച്ച് മണിമലയാറിൽ അവസാനിക്കുന്ന വരട്ടാർ നദിയും കഴിഞ്ഞ കുറെ വർഷങ്ങളായി ഒഴുക്ക് നിലച്ച് നാശോന്മുഖമായിരുന്നു. പമ്പയാറ്റിൽ നിർമ്മിക്കപ്പെട്ട അണക്കെട്ടുകളും അനധികൃത മണൽ ഖനനവുമെല്ലാം പമ്പയിലെ ജലനിരപ്പ് താഴുന്നതിനും ആദിപമ്പയിലേക്കുള്ള നീരൊഴുക്ക് കുറയുന്നതിനും കാരണമായി. വരട്ടാറിന്റെ ഇരുകരകളിലുമുള്ള കൃഷിയിലുണ്ടായ മാറ്റം നദീ കൈയ്യേറ്റത്തിന് കാരണമാകുകയും നദി പൂർണ്ണമായും ഇല്ലാതാകുന്ന തരത്തിൽ അത് വ്യാപിക്കുന്നതിനും വഴിവച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ച ചില നിർമ്മിതികൾ ഇതിലെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെടുന്നതിന് കാരണമായി. വഞ്ചിപ്പോട്ടിൽ കാവിൽ നിന്നാരംഭിച്ച് പത്തനംതിട്ട ജില്ലയിലെ കോയിപ്രം, ഇരവിപേരൂർ പഞ്ചായത്തുകളിലൂടെയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇടനാടിനെ വലംവച്ചുമൊഴുകുന്ന 4 കി.മീ നീളമുള്ള നദിയാണ് ആദിപമ്പ (പൂർവ്വപമ്പ). വരട്ടാർ പുതുക്കുളങ്ങരയിൽ നിന്നും ആരംഭിച്ച് 9.4 കിലോ



മീറ്റർ ഒഴുകി മണിമലയാറിൽ ചേരുന്നു.

പലയിടത്തും ആറിന്റെ ലക്ഷണം പോലുമില്ലാതായ ഈ നദികളുടെ പുനരുജ്ജീവനം ഒരു കടുത്ത വെല്ലുവിളിയായിരുന്നു. ആദിപമ്പ, വരട്ടാർ പുനരുജ്ജീവനത്തിനായി അനേകം ആവശ്യങ്ങൾ പല കാലത്തായി ഉയർന്നുവന്നിരുന്നുവെങ്കിലും ഇതിന് മുൻപില്ലായിരുന്ന ഒരു പ്രാധാന്യം കൈവന്നത് ഹരിതകേരളം മിഷന്റെ പ്രഖ്യാപനത്തോടെയാണ്. ഇരവിപേരൂർ പഞ്ചായത്തിന്റെ ആവശ്യപ്രകാരം ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ സ്ഥലം സന്ദർശിച്ച് പ്രശ്നം പഠിക്കുകയും ബഹു. ധനകാര്യമന്ത്രിയോട് സഹായം അഭ്യർത്ഥിക്കുകയുമുണ്ടായി. അദ്ദേഹം പ്രദേശം സന്ദർശിച്ചതോടെയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. പൂർണ്ണമായും നഷ്ടപ്പെട്ടിരുന്ന ഈ നദിയെ വൻപിച്ച ജനപങ്കാളിത്തത്തോടെയാണ് പുനരുജ്ജീവിപ്പിച്ചത്. ധനകാര്യം, ജലവിഭവം എന്നീ വകുപ്പുകളുടെ ബഹു. മന്ത്രിമാർ, പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്തു. റവന്യൂ, കൃഷി, വനംവകുപ്പുകളുടെ ബഹു.മന്ത്രിമാർ ഒപ്പം നിന്ന് സഹായിച്ചു. ബഹു.ചെങ്ങന്നൂർ എം.എൽ.എ, ആറന്മുള എം.എൽ.എ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ ഇവർ പ്രാദേശിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ബഹു. റാന്നി എം.എൽ.എ യും സഹായിച്ചു. ഹരിതകേരളം എന്ന ആശയത്തെ ഉൾക്കൊണ്ട് മിഷന് വേണ്ടി സന്നദ്ധസേവനം നടത്തുന്ന ശ്രീമതി. ബീനാ ഗോവിന്ദനാണ് പ്രവർത്തനങ്ങളുടെ ഏകോപനം നിർവ്വഹിച്ചത്. പ്രദേശത്തെ നിയമസഭാ സാമാജികരുടേയും നേതൃത്വത്തിൽ പുനരുജ്ജീവനത്തിന് ആവശ്യമായ മനുഷ്യ-ധന വിഭവങ്ങൾ പൂർണമായും പ്രാദേശികമായി സമാഹരിക്കാൻ ഈ ജനകീയ മുന്നേറ്റത്തിന് കഴിഞ്ഞു. വാട്ട്സ്ആപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രാദേശികമായി സ്വരൂപിച്ച 27 ലക്ഷത്തിലധികം രൂപ ഉപയോഗപ്പെടുത്തി മാത്രമാണ് ഒന്നാംഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

ഈ മുന്നേറ്റത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായ ''ജനമൊഴുകുന്നിടത്തുകൂടി ജലമൊഴുകും'' എന്നത് യാഥാർത്ഥ്യമായി എന്നതു മാത്രമല്ല വർദ്ധിത ആവേശത്തോടെയുള്ള ജലോത്സവം ഈ പുഴയിൽ സംഘടിപ്പിക്കാനും കഴിഞ്ഞു. ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് പുനരുജ്ജീവിപ്പിച്ച നദി നാടിന് സമർപ്പിച്ചു. അതോടൊപ്പം നദിയിൽ സംഘടിപ്പിച്ച ഹരിതകേരളം ജലോത്സവവും അദ്ദേഹം ഫ്ളാഗ് ഓഫ് ചെയ്യുകയുണ്ടായി. ഇത്തരത്തിൽ വീണ്ടെടുത്ത വരട്ടാറിന്റെ സുസ്ഥിരത ഉറപ്പാക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിനാവശ്യമായ നിർമ്മിതികളും മറ്റ് സംരക്ഷണ ഉപാധികളും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഹരിതകേരളം ജലഉപമിഷന്റെ ഭാഗമായുള്ള പ്രവൃത്തികളിൽ ഉൾപ്പെടുത്തി വരട്ടാറിന്റെ പാർശ്വസംരക്ഷണത്തിനായി 770 ലക്ഷം രൂപയുടെ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് ജലസേചന വകുപ്പ് തയ്യാറാക്കി തുടർനടപടികൾ സമാഹരിച്ചു വരുന്നു. മന്ത്രിമാർ പങ്കെടുത്ത പുഴ നടത്തത്തിൽ തുടങ്ങി മുഖമന്ത്രി പങ്കെടുത്ത വീണ്ടെടുക്കൽ പ്രഖ്യാപനം വരെയുള്ള ജനകീയ മുന്നേറ്റം സംസ്ഥാനത്ത് സമാനതകളില്ലാത്തതാണ്. എന്നാൽ ഒരു സാധാരണ ഗ്രാമപ്രദേശത്ത് വർദ്ധിത ഇച്ഛാശക്തിയുടെ ഫലമായി നേടാൻ

കഴിഞ്ഞ ഈ ജനകീയ വിജയം കേരളത്തിൽ മുഴുവൻ അനുകരിക്കാൻ കഴിയുന്ന മാതൃകയാണ്.

## 6. കാനാമ്പുഴ പുനരുജ്ജീവനം

**ശ്രീ.എൻ.ചന്ദ്രൻ (കൺവീനർ, കാനാമ്പുഴ അതിജീവന സമിതി)**

കണ്ണൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടി ഒഴുകുന്ന കാനാമ്പുഴ പതിറ്റാണ്ടുകളായി സ്വാഭാവിക നീരൊഴുക്കു നിലച്ച അവസ്ഥയിലാരുന്നു. ബഹു. തുറമുഖം-പുരാരേഖ പുരാവസ്തു - മ്യൂസിയം മന്ത്രിയായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട കാനാമ്പുഴ അതി ജീവന സമിതിയുടേയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ കാനാമ്പുഴ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ ആണ് സംഘടിപ്പിക്കപ്പെട്ടത്.

കാനാമ്പുഴ ആരംഭിക്കുന്നത് മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്നാണ്. ഈ നദി 10 കിലോ മീറ്റർ ദൂരം സഞ്ചരിച്ച് ആദികടലായി അഴിമുഖത്ത് അറബിക്കടലിൽ പതിക്കുന്നു. ഈ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഒഴുക്കു നിലച്ച് നഗരത്തിന്റെ കുപ്പത്തൊട്ടിയായ മാലിന്യ കൂമ്പാരമായിരുന്നു ഈ പുഴ. അറബിക്കടലിൽ ചേരുന്നിടം മണൽക്കൂമ്പാരവും. കാനാമ്പുഴ അതിജീവന സമിതിയ്ക്ക് പുറമേ വിവിധ സ്ഥലങ്ങളിലായി സ്വമേധയാ സംഘടിപ്പിക്കപ്പെട്ട 9 കമ്മിറ്റികളും ചേർന്നാണ് ഈ നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ ഒരു പുഴ നടത്തം സംഘടിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ആയിരത്തോളം പേർ അണിനിരന്ന പുഴ നടത്തത്തിൽ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങി നാനാതുറകളിൽ നിന്നുള്ളവർ പങ്കെടുത്തു. പുഴയെ വീണ്ടും മലിനപ്പെടുത്തരുതേ എന്ന അഭ്യർത്ഥനയുമായി പുഴയോരത്തെ വീടുകളിലും സ്ഥാപനങ്ങളിലും ദീപം തെളിയിക്കൽ നടത്തി.




2017 മെയ് 14 ന് രാവിലെ 6 മണി മുതൽ ആയ്യായിരത്തിലേറെ സന്നദ്ധ പ്രവർത്തകരും കുടുംബാംഗങ്ങളും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കാനാമ്പുഴയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കണ്ണൂർ നഗരസഭ ലഭ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കി ഈ സംരംഭത്തെ പിന്തുണച്ചു. ബഹു.ധനമന്ത്രി ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ 9 പ്രാദേശിക കേന്ദ്രങ്ങളിലും ഉദ്ഘാടനം നടന്നു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി കാനാമ്പുഴ പൂർണ്ണമായും മാലിന്യമുക്തമാക്കാനും നീരൊഴുക്ക് പുനസ്ഥാപിക്കാനും കഴിഞ്ഞു. 'പുഴയോര പച്ചപ്പ്' എന്ന പദ്ധതിക്ക് രൂപം നൽകി പുഴയോരത്ത് 6000ത്തോളം വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു. വിശദമായ പഠനത്തിന്റെയും

വിവിധ കൂടിയിരിക്കലുകളുടെയും കർഷകരും പൊതു ജനങ്ങളുമായുള്ള ആശയ വിനിമയത്തിലൂടെയും ജനകീയമയി വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ വകുപ്പുകൾ സംയുക്തമായി പുഴ നവീകരണത്തിനും സംരക്ഷണത്തിനുമായി 73.75 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പുഴയോടൊപ്പം പുഴയുടെ നദീതടത്തിൽ വരുന്ന ചെറു നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനായി നീർത്തട സമിതികളും സൂക്ഷ്മ നീർത്തട സമിതികളും രൂപീകരിച്ച് നദീതട പ്രദേശത്തെ 10 കുളങ്ങൾ ശുചിയാക്കി പുനരുദ്ധരിച്ചു. പുഴയുടെ ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ വീടുകളിലും സൗജന്യമയി തുണി സഞ്ചികൾ വിതരണം ചെയ്തു. പുഴ നവീകരണത്തിന്റെ ഫലമായി വെള്ളപ്പൊക്കത്തിന്റെ തീവ്രത മുൻവർഷങ്ങളെക്കാൾ വളരെയധികം കുറയ്ക്കുന്നതിന് സാധിച്ചു.

### 6.1 ഇനിയും ഒട്ടേറെ ചെയ്യാൻ ബാക്കി

1. 165 ഏക്കറോളം വരുന്ന പുഴക്കരയിലെ കൃഷിഭൂമി കൃഷിയോഗ്യമാക്കണം
2. ഇതിനാവശ്യമായ ജലസേചന സൗകര്യങ്ങൾ ഒരുക്കണം
3. തടയണകളും ജലവിതരണ ചാലുകളും നിർമ്മിക്കണം
4. പുഴയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കണം. ഇതിനായി വൃഷ്ടി പ്രദേശത്തെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കണം
5. പുഴയുടെ പാർശ്വസംരക്ഷണം ജൈവ രീതിയിൽ നടത്തണം
6. പുഴയെ സ്നേഹിക്കുന്നവർക്ക് പുഴയെ അടുത്തറിയാൻ വേണ്ട പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കണം
7. പുഴയുടെ ഇരുകരകളേയും അഴിമുഖമായ ആദി കടലായി കടൽപ്പുറത്തേയും ബന്ധപ്പെടുത്തി വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക.

## 7. കുട്ടമ്പേരൂരാർ പുനരുജ്ജീവനം

ശ്രീമതി പുഷ്പലത മധു (വൈസ് പ്രസിഡന്റ് ബുധനൂർ ഗ്രാമപഞ്ചായത്ത്)

പമ്പാ നദിയുടയും അച്ചൻകോവിൽ ആറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 12 കിലോമീറ്റർ നീളമുള്ള നദിയാണ് കുട്ടമ്പേരൂരാർ. ബുധനൂർ, മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന ഈ പുഴ ഈ പഞ്ചായത്തുകളുടെ പ്രധാന ജലസ്രോതസ്സാണ്. പമ്പയാറ്റിൽ ജലം ഉയരുമ്പോൾ അച്ചൻകോവിലാറിലേയ്ക്കും അച്ചൻകോവിലാറിൽ ജലമുയരുമ്പോൾ തിരിച്ചും ഇരു ദിശകളിലും മാറിമാറിയൊഴുകുന്ന പ്രത്യേകതയും ഈ നദിക്കുണ്ട്. എന്നാൽ ഈ നദിയുടെ ശുചീകരണ പൂർവ്വ അവസ്ഥ വളരെ പരിതാപകരമായിരുന്നു. പായലും പോളയും കടപുഴകിയ വൃക്ഷങ്ങളും കൈതച്ചെടികളും നിറഞ്ഞതും വിവിധതരം മാലിന്യങ്ങളുടെ നിക്ഷേപ കേന്ദ്രവുമായിരുന്നു ഈ നദി. മുൻകാലങ്ങളിലെ നദിയുടെ മെച്ചപ്പെട്ട അവസ്ഥയെ ക്കുറിച്ച് അറിയാവുന്നവർക്കും ഈ നദിയെ വിവിധ ആവശ്യങ്ങൾ ഉപയോഗിച്ചിരുന്നവർക്കും ഈ ശോച്യാവസ്ഥ വിഷമമുണ്ടാക്കുന്നതായിരുന്നു. ഇതിനെക്കുറിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന വാർത്തകളും പരാമർശങ്ങളും




നാട്ടുകാരുടേയും പ്രകൃതി സ്നേഹികളുടേയും താൽപ്പര്യവും ഈ പുഴ വീണ്ടെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിന് ബുധനൂർ ഗ്രാമപഞ്ചായത്ത് അധികാരികളെ പ്രേരിപ്പിച്ചു. ഇങ്ങനെയാണ് പഞ്ചായത്തുതലത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി പ്രസ്തുത പുഴയുടെ പുനരുജ്ജീവന പ്രവർത്തനം ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചത്. അതിൻപ്രകാരം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹിക രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ വിപുലമായ യോഗം വിളിച്ചുചേർത്ത് പദ്ധതി അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ആവേശം നിറഞ്ഞ പിന്തുണ പദ്ധതി നിർവ്വഹണത്തിനുള്ള ആത്മവിശ്വാസം നൽകി. വർഷങ്ങൾക്കുമുൻപ് പുഴ നവീകരണ ശ്രമത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ട പ്രിയ സഹോദരി സുശീല ഓമനക്കുട്ടന്റെ സ്വപ്നം സഫലീകരിക്കുന്നതിനായി ഈ ദൗത്യത്തിന് നേതൃപരമായ പങ്കു വഹിച്ച് മുന്നോട്ടു വരാൻ തൊഴിലുറപ്പ് തൊഴിലാളികൾ തയ്യാറായി.

ഭൂരിപക്ഷവും സ്ത്രീകളടങ്ങുന്ന 700-ൽ പരം തൊഴിലാളികൾ നിസ്വാർത്ഥമായി പണിയെടുത്ത് പുഴയെ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് പുനഃസ്ഥാപിച്ചു. 14 ഗ്രൂപ്പുകളായി തിരിഞ്ഞാണ് ഇവർ പണിയെടുത്തത്. 30000-ൽ അധികം മനുഷ്യാധ്വാന ദിനങ്ങൾ ഇതിനായി വിനിയോഗിച്ചു. പുഴയിലെ മലിനീകരണം, വിഷജീവികളുടെ ശല്യം മുതലായവ പ്രധാന വെല്ലുവിളിയായി. ദുർഗന്ധം നിറഞ്ഞ ജലം അനവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായി. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ആരോഗ്യ പ്രവർത്തകരുടേയും പിന്തുണ അവർക്ക് കരുത്തായി. 40 ദിവസത്തെ അക്ഷീണ പ്രവർത്തനം മുഴുവൻ മാലിന്യങ്ങളും മാറ്റി അച്ചൻകോവിലാറിൽ നിന്നും പമ്പയിലേയ്ക്ക് ജലം ഒഴുകുന്നതിന് വഴി വച്ചു. ഒരു ജനതയുടെ സ്വപ്ന സാക്ഷാത്കാരമായി പുഴ പുനർജനിച്ചു. പുഴയുടെ 5 കിലോമീറ്റർ ചുറ്റളവിലുള്ള കിണറുകളിലേയും കുളങ്ങളിലേയും ജലത്തിന്റെ ഗുണനിലവാരം വർദ്ധിച്ചു. കുളിക്കാനും വസ്ത്രമലക്കാനും പുഴയുടെ വെള്ളം വീണ്ടും ഉപയോഗിച്ചു തുടങ്ങി. ശുദ്ധജലത്തിൽ മത്സ്യങ്ങൾ വളരാൻ തുടങ്ങി. പുഴയ്ക്ക് പുനർജന്മം നൽ കിയ അപൂർവ്വ സംഭവം ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ വളരെ പ്രാധാന്യം നൽകി അവതരിപ്പിച്ചത് ആവേശം നൽകുന്ന അനുഭവമായി. ബുധനൂർ, മാന്നാർ, ചെന്നിത്തല എന്നീ പഞ്ചായത്തുകളിലെ കാർഷിക മേഖലയെ സമ്പന്നമാക്കിയിരുന്ന, കാർഷിക ഉല്പന്നങ്ങൾ പഴകാല വ്യാപാര കേന്ദ്രമായിരുന്ന ആലപ്പുഴയിൽ എത്തിക്കുന്നതിന് ജലപാതയായിരുന്ന പ്രദേശത്തെ സാംസ്കാരിക ചരിത്രത്തിൽ ഇടം പിടിച്ചിരുന്ന ഒരു പുഴയെ പുനരുജ്ജീവി പ്പിക്കാനാണ് ഈ ഇടപെടലിലൂടെ കഴിഞ്ഞത്. ഇതിനെ ഇതേ രീതിയിൽ തുടർന്നും നിലനിർത്തുകയെന്നത് ഒരു വെല്ലുവി

ളിയാണ്. ഹരിതകേരളം മിഷൻ പകർന്നു നൽകുന്ന ആവേശം ഇതിനു സഹായിക്കും എന്നാണ് ഗ്രാമപഞ്ചായത്ത് പ്രത്യാശിക്കുന്നത്.

## 8. കിള്ളിയാർ മിഷൻ

**ശ്രീ. ബി.ബിജു, പ്രസിഡന്റ്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**



ഹരിതകേരളം മിഷൻ -ജലശ്രീ-നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, നെടുമങ്ങാട് നഗരസഭ, പനവൂർ, ആനാട്, അരുവിക്കര, കരകുളം ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിലുള്ള സംയുക്ത ജനകീയ ഇടപെടൽ ആണ് കിള്ളിയാർ മിഷൻ. പനവൂർ ആനാട് പഞ്ചായത്തുകളിലെ കരിഞ്ചാത്തി മൂലയിൽ നിന്നും ഒറ്റക്കൊമ്പൻ പാറയിൽ നിന്നും ആരംഭിച്ച് പനവൂർ, ആനാട്, അരുവിക്കര, കരകുളം ഗ്രാമപഞ്ചായത്തുകളിലൂടെയും നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവയുടെ ഭൂപരിധിയിലൂടെ ഒഴുകി തിരുവല്ലത്ത് കരമനയാറിൽ ലയിക്കുന്ന ഒരു ചെറു നദിയാണ് കിള്ളിയാർ. ഇതിന്റെ തുടക്കം മുതൽ വഴയില (കരകുളം ഗ്രാമപഞ്ചായത്തിന്റെയും തിരുവനന്തപുരം നഗരസഭയുടേയും അതിർത്തി) വരെയുള്ള ഭാഗം (22 കി.മീ.) മാലിന്യ മുക്തവും ശുദ്ധ ജല സമ്പന്നവും കയ്യേറ്റമില്ലാത്തതുമായ ജലസ്രോതസ്സായി പരിപാലിക്കുന്നതിനുള്ള ജനകീയ സംരംഭം സമയ ബന്ധിതമായി നടപ്പാക്കുകയെന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

### 8.1 കിള്ളിയാറിന്റെ ശുചീകരണ പൂർവ്വ സ്ഥിതി

ഒരുകാലത്ത് നിറഞ്ഞൊഴുകിയിരുന്ന നാടിന്റെ ജീവജലസ്രോതസ്സായിരുന്ന കിള്ളിയാർ മലിനീകരണം, മണ്ണിടിച്ചിൽ, തീരം നികത്തൽ, കൈവഴികൾ നികത്തൽ, അഴുക്കുചാലുകൾ തുറന്ന് മലിന ജലം ഒഴുക്കൽ, അധാർമ്മിക കയ്യേറ്റം തുടങ്ങി നിരവധി കാരണങ്ങളാൽ ഗുരുതര സ്ഥിതിയിലായിരുന്നു. കിള്ളിയാറിന്റെ വൃഷ്ടി പ്രദേശങ്ങൾ ഗ്രാമ പശ്ചാത്തലത്തിൽ നിന്ന് നഗര പശ്ചാത്തലത്തിലേയ്ക്ക് അതിവേഗം കുതിക്കുകയാണ്. ഇതുമൂലം മനുഷ്യന്റെ ഉപഭോഗ സംസ്കാരത്തിലുണ്ടായ മാറ്റം ദൈനംദിന ജീവിത രീതിയെ തന്നെ മാറ്റിമറിച്ചു. ഇത് കൂടുതൽ മാലിന്യ ഉത്പാദനത്തിന് കാരണമായി. ഇങ്ങനെ രൂപപ്പെടുന്ന മാലിന്യങ്ങളുടെ ഒരു ഭാഗം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാതെ നേരിട്ട് ജലസ്രോതസ്സിലെത്തുന്ന അവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. അശാസ്ത്രീയമായ ശൗചാലയ സംവിധാനങ്ങൾ കക്കൂസ് മാലിന്യങ്ങൾ കിള്ളിയാറിൽ കലരുവാൻ ഇടയാക്കി. വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ ദിനംപ്രതിയുള്ള വലിയ അളവു മാലിന്യം കിള്ളിയാറിൽ എത്തപ്പെട്ടു. അറവുശാലകൾ, കോഴിഫാമുകൾ എന്നിവയിലെ അവശിഷ്ടങ്ങൾ, നിർദാഷണ്യം കിള്ളിയാറിലൂടെ ഒഴുക്കി വിടുന്ന അവസ്ഥയിലായിരുന്നു. പുത്തൻപാലം മുതൽ വഴയില വരെയുള്ള തെങ്കാശി തിരുവനന്തപുരം റോഡിന് സമാന്തരമായാണ് കിള്ളിയാർ ഒഴുകുന്നത്. സാമൂഹിക പ്രതിബദ്ധതയില്ലാത്ത ഒരു ചെറു സമൂഹത്തിന് ആയാസ രഹിതമായി

മാലിന്യം കിള്ളിയാറിൽ തള്ളുന്നതിന് ഇത് സഹായകരമായി. ഈ സാഹചര്യത്തിലാണ് കിള്ളിയാറിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ബൃഹത്തായ ജനകീയ ഇടപെടലിന് രൂപം കൊടുത്തത്.

## 8.2 ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ

1. പുഴ ശുചിയാക്കൽ, തോടുകൾ ശുചിയാക്കൽ
2. തടയണകൾ നിർമ്മിക്കൽ - പുഴയിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ജല സേചന വകുപ്പിന്റെ നേതൃത്വത്തിലും തോടുകളിൽ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ സേവനം എന്നിവ പ്രയോജനപ്പെടുത്തി സ്ഥിരവും താൽക്കാലികവുമായ തടയണകൾ നിർമ്മിക്കുക.
3. കയർ ഭൂവസ്ത്രം പോലുള്ള ജൈവരീതി കൊണ്ടുള്ള പാർശ്വ സംരക്ഷണം.
4. മരങ്ങൾ നട്ടുപിടിപ്പിക്കുക.
5. മലിനീകരണം നിയന്ത്രണം.



## 8.3 പ്രവർത്തന ഘട്ടങ്ങൾ

1. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതിയിൽ പദ്ധതിയുടെ കരട് ചർച്ച ചെയ്യുന്നു.
2. ബ്ലോക്ക് പഞ്ചായത്ത് സമിതിയിൽ പദ്ധതി അവതരിപ്പിച്ച് അംഗീകരിക്കുന്നു.
3. നെടുമങ്ങാട് മുനിസിപ്പൽ ചെയർമാനുമായും 4 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുമായും പരിപാടി സംബന്ധിച്ച് ആദ്യ ഘട്ട ചർച്ച.
4. മുനിസിപ്പൽ കൗൺസിൽ/പഞ്ചായത്ത് ഭരണസമിതികളിൽ ചർച്ച നടത്തി പരിപാടി അംഗീകരിക്കുന്നു.
5. മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളുടേയും യോഗം ഒന്നിച്ച് വിളിച്ചുചേർത്ത് ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നു.
6. മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി എന്നിവരുമായി പദ്ധതിയെക്കുറിച്ച് ആശയവിനിമയം നടത്തുന്നു.
7. പ്രാഥമിക പഠനം ഹരിതകേരളം മിഷന്റെയും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റേയും നേതൃത്വത്തിൽ തിരുവനന്തപുരം ഗവ. ലോ കോളേജ് എൻ.എസ്.എസ്. പ്രവർത്തകരേയും പ്രാദേശിക സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്തി കിള്ളിയാറിന്റെ കൈവഴികളായ 30 തോടുകളിൽ സാങ്കേതിക സർവ്വേ പ്രവർത്തനം വഴി വിവര ശേഖരണവും പുഴയിലെ ജല ഗുണനിലവാര പരിശോധനയും നടത്തി. ഇവയിൽ നിന്നുള്ള വിവരങ്ങളും വിവിധ പഠന റിപ്പോർട്ടുകളിൽ നിന്നുൾപ്പെടെയുള്ള ദ്വിതീയ വിവരങ്ങളും കൂടി അപഗ്രഥിച്ച് പുഴയുടെ ഒരു തൽസ്ഥിതി റിപ്പോർട്ട് കരകുളം ഗ്രാമീണ പഠന

കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി. മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും ജല ഗുണനിലവാരം സംബന്ധിച്ച വിവരങ്ങളും മേൽ റിപ്പോർട്ടിനായി ശേഖരിച്ചു.

8. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായി ചർച്ച നടത്തി.
9. കിള്ളിയാർ ഒരുമ എന്ന പേരിൽ 7000 ലേറെപ്പേർ പങ്കെടുത്ത വലിയ ജനകീയ കൺവെൻഷൻ നടത്തി. കൺവെൻഷൻ ബഹു ധനകാര്യ വകുപ്പു മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.
10. മുകളിൽ പറഞ്ഞ കൺവെൻഷനിൽവച്ച് വിപുലമായ ഒരു കമ്മിറ്റിയ്ക്ക് രൂപം നൽകി. (ചെയർമാൻ - ഡി.കെ. മുരളി എം.എൽ.എ, കൺവീനർ-ബി.ബിജു നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)
11. തുടർന്ന് എല്ലാ പഞ്ചായത്ത് തലത്തിലും മുൻസിപ്പൽ തലത്തിലും കൺവെൻഷനുകൾ സംഘടിപ്പിച്ചു. മന്ത്രിമാരും, എൽ.എൽ.എമാരും ഇവയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ശരാശരി പങ്കാളിത്തം - 1000 പേർ.
12. ഈ കൺവെൻഷനുകളിൽനിന്നും പഞ്ചായത്ത് സംഘാടകസമിതികൾ രൂപീകരിച്ചു.
13. ഇതിനെതുടർന്ന് പുഴയൊഴുകുന്ന പ്രദേശങ്ങളിലും കൈവഴികളുടെ (തോടുകൾ) പ്രദേശങ്ങളിലും 27 പ്രാദേശിക കൺവെൻഷനുകൾ സംഘടിപ്പിച്ചു. പങ്കാളിത്തം 100 മുതൽ 350 വരെ.
14. ഈ കൺവെൻഷനുകളിൽ പ്രാദേശിക സംഘാടക സമിതികൾ (25 അംഗങ്ങളുള്ള) രൂപീകരിച്ചു.
15. പ്രാദേശിക സംഘാടക സമിതി ചെയർമാൻ, കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനതല സംഘാടക സമിതിയും പഞ്ചായത്ത് ചെയർപേഴ്സൺ, കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തി കിള്ളിയാർ മിഷൻ സംഘാടക സമിതിയും വിപുലപ്പെടുത്തി.
16. കിള്ളിയാർ മിഷൻ എന്ന പേരിൽ ഒരു വാട്സ് ആപ് ഗ്രൂപ്പ് ആരംഭിച്ചു. പരമാവധി അംഗങ്ങളുടെ എണ്ണത്തിന്റെ പരിമിതി കണക്കിലെടുത്ത് പ്രാദേശികമായി മറ്റ് വാട്സ് ആപ്പ് ഗ്രൂപ്പുകൾകൂടി രൂപീകരിച്ച് വാർത്തകൾ ഷെയർ ചെയ്തു.
17. വിവിധ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ പ്രാദേശിക പാർട്ടി പ്രവർത്തകരുടെ യോഗം വിളിച്ച് ചേർത്ത് പങ്കാളിത്തം ഉറപ്പാക്കി.
18. ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, മുതലായവ സംഘടനാ പ്രവർത്തകരുടെ യോഗം വിളിച്ചുചേർത്ത് പരിപാടികൾ വിശദീകരിച്ചു. പങ്കാളിത്തം ഉറപ്പാക്കി.
19. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാങ്കേതിക വിഭാഗം ജില്ലാ മേധാവി കളും യോഗം വിളിച്ച് ചേർത്ത് ഡി.പി.ഒ. കൺവീനറായി സാങ്കേതിക സഹായ സമിതി രൂപീകരിച്ചു.
20. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ആരോഗ്യം, പോലീസ്, ഫയർഫോഴ്സ് മുതലായ വകുപ്പുകളുടെ യോഗം വിളിച്ച് ചേർത്ത് പിന്തുണ ഉറപ്പാക്കി.
21. പുഴയെ അറിയാൻ പുഴനടത്തം ഏപിൽ 5 ന് പുഴയുടെ ഉത്ഭവസ്ഥാനമായ കരിഞ്ചാത്തിമൂലയിൽനിന്നും ജല വിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു റ്റി. തോമസിന്റെ നേതൃത്വത്തിലും പുഴ, തിരുവനന്തപുരം കോർപ്പറേഷനിൽ പ്രവേശിക്കുന്ന വഴയിലയിൽ നിന്നും ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലും പുഴന

ടത്തം സംഘടിപ്പിച്ചു. രണ്ട് സംഘവും പത്താം കല്ലിൽ ഒന്നിച്ച് ചേർന്ന് വിപുലമായ യോഗത്തോടെ അവസാനിച്ചു. യാത്ര കടന്നുപോയ പ്രദേശത്തിലുടനീളം പ്രാദേശിക സമിതികൾ ലഘു ഭക്ഷണവും പ്രഭാത ഭക്ഷണവും ഒക്കെ ഒരുക്കി നൽകി. രണ്ടു നടത്തത്തിലും ശരാശരി 1500-ഓളം പേർ വീതം പങ്കെടുത്തു. വളരെ ആവേശം നൽകിയ പരിപാടിയായിരുന്നു പുഴനടത്തം. പുഴയുടെ ഓരത്തുകൂടി നടത്തിയ ഈ നടത്തം പുഴയെ അടുത്തറിയാൻ സഹായിച്ചു. ചെണ്ടമേളം, നാടൻപാട്ടു സംഘം എന്നിവ അകമ്പടിയായി ഉണ്ടായിരുന്നു.

22. ഏകദിന ശുചീകരണ യജ്ഞം ഏപ്രിൽ 14 ന് പുഴ ശുചിയാക്കുന്നതിനായി ഏകദിന ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. കാഴ്ചക്കാരില്ലായിരുന്ന പരിപാടിയിൽ മന്ത്രിമാർ അടക്കം മുഴുവൻ പേരും പങ്കാളികളായി. ചിട്ടയായ പ്രവർത്തനമാണ് ഇതിനായി നടത്തിയത്. ഓരോ പ്രാദേശിക സമിതിയ്ക്കും ശുചീകരണം നടത്തുന്നതിനായി ഓരോ ചെറിയ ഭാഗം വീതം വേർതിരിച്ച് നൽകിയിരുന്നു. ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്ക് മുഴുവൻ ആരോഗ്യവകുപ്പ് പ്രതിരോധ മരുന്നുകൾ തലേദിവസംതന്നെ നൽകിയിരുന്നു. പോലീസ്, ഫയർഫോഴ്സ്, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ സേവനം എല്ലാ സ്ഥലത്തും ഉറപ്പാക്കിയിരുന്നു. ആഴം കൂടിയ സ്ഥലങ്ങൾ നേരത്തേ അടയാളപ്പെടുത്തി സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും വാളന്റിയർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രഭാത ഭക്ഷണവും, ഉച്ചഭക്ഷണവും പ്രാദേശിക സമിതികൾ തയ്യാറാക്കി നൽകി. ഇതിനുള്ള ഉല്പന്ന പിരിവും, സാമ്പത്തിക സമാഹരണവും അവർതന്നെ നടത്തി. ആഴം കൂടിയ സ്ഥലങ്ങളിൽ ഫയർഫോഴ്സ് ശുചീകരണ പ്രവർത്തനം നടത്തി. കൂടുതൽ മലിനീകരണമുണ്ടായിരുന്ന 500 മീറ്ററോളം സ്ഥലത്ത് പോലീസ് സേനാംഗങ്ങൾ (350 പേർ) ശുചീകരണം നടത്തി. വിവിധ സ്ഥലങ്ങളിൽ പ്രതിജ്ഞ ചൊല്ലി ഫ്ളാഗ് ഓഫ് നടത്തിയാണ് ശുചീകരണ യജ്ഞം നടത്തിയത്. മന്ത്രിമാരായ ശ്രീ. റ്റി.എം. തോമസ് ഐസക്, ശ്രീ. മാത്യു റ്റി. തോമസ്, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. കെ. രാജു എന്നിവരും പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു., എം.എൽ.എമാരായ ശ്രീ. ഡി.കെ മുരളി,



ശ്രീ.സി ദിവാകരൻ, ഡോ. എ. സമ്പത്ത് എം.പി., ഹരിതകേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. റ്റി.എൻ. സീമ, ഡി.ജി.പി. ലോക്നാഥ് ബഹ്റ, രാഷ്ട്രീയ നേതാക്കൾ, മുൻസിപ്പൽ ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുതലായവർ ഫ്ളാഗ് ഓഫ് നിർവ്വ ഹിച്ചു. 15000 ത്തോളം പേർ ഈ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു എന്നാണ് കണക്കാക്കുന്നത്.

## 8.4 സംഘാടനം

ഏകദിന ശുചീകരണ യജ്ഞത്തിന്റെ സംഘാടനം മികച്ചതും ചിട്ടയാർന്നതുമായിരുന്നു. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മിഷൻ സംഘാടക സമിതി മുതൽ പ്രാദേശിക സംഘാടക സമിതി വരെ അനേകം തവണ യോഗം ചേർന്നു. ചിട്ടയായ ആസൂത്രണമാണ് നടന്നത്. കൺവീനർ ആയ ബ്ലോക്ക് പ്രസിഡന്റിന്റെ നേതൃപരമായ ഇടപെടൽ വലിയ കരുത്തായി.

## 8.5 പ്രചാരണം

മിഷൻ സംഘാടക സമിതിയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ബോർഡ്, നോട്ടീസ് എന്നിവ വഴിയുള്ള പ്രചരണം സംഘടിപ്പിച്ചിരുന്നു. പ്രാദേശിക സമിതികൾ ബോർഡുകൾ, പോസ്റ്റർ എന്നിവ തയ്യാറാക്കി പ്രദർശിപ്പിച്ചു. പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ സ്ക്വാഡ് പ്രവർത്തനം സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി. ശുചീകരണ ദിവസം മുതിർന്നവരുടേയും കുട്ടികളുടേയും രണ്ട് നാടൻ പാട്ട് സംഘങ്ങൾ പര്യടനം നടത്തി. (കുട്ടികളുടെ സംഘത്തെ ഇതിനായി പരിശീലിപ്പിച്ച് രൂപം കൊടുത്തതാണ്)

## 8.6 തുടർ പ്രവർത്തനം

1. പുഴയിലേക്ക് മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സി.സി.റ്റി.വി.കൾ സ്ഥാപിച്ചു.
2. പുഴയിലേയ്ക്ക് മലിനജലം ഒഴുക്കിവിടുന്നവർക്ക് നോട്ടീസ് നൽകി. പുഴയിലേയ്ക്ക് മാലിന്യം ഒഴുക്കിവിട്ടിരുന്ന 1200 ഓളം മാലിന്യക്കുഴലുകൾ ഗ്രാമ പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റിയുടേയും നേതൃത്വത്തിൽ അടപ്പിച്ചു.
3. ഭൂരിഭാഗം പേരും സോക്പിറ്റുകൾ നിർമ്മിച്ചു.
4. പുഴയുടെ സംരക്ഷണത്തിനും സംഭരണികൾ നിർമ്മിക്കുന്നതും സംബന്ധിച്ച് പദ്ധതി തയ്യാറാക്കുന്നതിനും പ്രവർത്തികൾ തീരുമാനിക്കുന്നതി നുമായി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങുന്ന സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ പുഴനടത്തം നടത്തി. ജലസേചന വകുപ്പ് 9 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.
5. കിള്ളിയാറിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി പുഴയുമായി ബന്ധപ്പെട്ട ഭൂമി സർവ്വേ ചെയ്ത് അതിർത്തി അടയാളപ്പെടുത്തുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.
6. പുഴയിലേയ്ക്കുള്ള മാലിന്യനിക്ഷേപവും കൈയ്യേറ്റവും തടയുന്നതിനായുള്ള മോണിട്ടറിംഗ് സമിതികളായി പ്രാദേശിക സമിതികൾ പ്രവർത്തി ച്ചുവരുന്നു.

## 8.7 പുനരുജ്ജീവനാന്തരം കിള്ളിയാർ

തെളിനീരൊഴുകുന്ന കിള്ളിയാർ വിവിധ ആവശ്യങ്ങൾക്ക് ജനങ്ങൾ ഉപയോഗിച്ചു തുടങ്ങി. പ്രളയകാലത്തും കരകവിയാത്ത കിള്ളിയാർ പുതിയ അനുഭവമായി.

## 8.8 കരകവിയാത്ത കിള്ളിയാർ

ശിൽപശാല, ജലദീപം തെളിയിക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കൽ,

തോടുകളിൽ ജനകീയ തടയണകളുടെ നിർമ്മാണം മുതലായ പ്രവർത്തനങ്ങൾ ഉൾപ്പെട്ട കരകവിയാത്ത കിള്ളിയാർ എന്ന രണ്ടാം ഘട്ട പ്രവർത്തനത്തിന് രൂപരേഖയായി.

## 9. കോലറയാർ സംരക്ഷണം

**ശ്രീമതി ലതാപ്രസാദ് (പ്രസിഡന്റ്, നിരണം ഗ്രാമപഞ്ചായത്ത്)**

പമ്പാ നദിയിൽ അറക്കൽ മുഖപ്പിൽ നിന്നും ഉദ്ഭവിച്ച് നീരേറ്റുപുറം അരീത്തോടിൽ വച്ച് തിരികെ പമ്പാനദിയിൽത്തന്നെ കൂടിച്ചേരുന്ന ഒരു ചെറു നദിയാണ് കോലറയാർ. ഈ നദിയുടെ നീളം 12 കിലോമീറ്ററും ശരാശരി വീതി 18 മീറ്ററുമാണ്. ചരിത്രപരമായി വലിയ പ്രാധാന്യം ഈ പുഴയ്ക്കുണ്ട്. സെന്റ്തോമസ് വന്നിറങ്ങിയ നിരണംപള്ളി, തോമത്ത് കടവ് കണ്ണശ്ശ സ്മാരകം എന്നിവയൊക്കെ ഈ പുഴയുടെ തീരത്താണ്. ഈ പുഴയ്ക്ക് 59 കൈത്തോടുകൾ ഉണ്ട്. ഈ പ്രദേശത്തെ പാടശേഖരങ്ങളുടെ നാഡീഞരമ്പുകൾ പോലെയുള്ള ഈ തോടുകൾ ജലസേചനവും ജല നിർഗ്ഗമനവും സാധ്യമാക്കി കൃഷി ഒരുക്കുന്നതിൽ വലിയ പ്രാധാന്യമുള്ളവയാണ്.ണ്ട പമ്പാനദിയിൽ ചേരുന്നതിനു മുമ്പ് ഈ നദി രണ്ട് കൈവഴിയായി പിരിഞ്ഞാണ് നദിയിലേയ്ക്ക് ചേരുന്നത്. കടപ്ര, നിരണം പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന ഈ ചെറുനദി 1600 ഏക്കറോളം വിസ്തൃതിയിലുള്ള പാടങ്ങളുടെ ജലസ്രോതസ്സാണ്. ഏകദേശം 20 വർഷമായി നീരൊഴുക്ക് നഷ്ടപ്പെട്ട് പോളകേറി മാലിന്യം നിറഞ്ഞ് മൃതാവസ്ഥയിലായിരുന്നു ഈ പുഴ. പമ്പാനദിയുടെ അടിത്തട്ട് താഴ്ന്നതും അശാസ്ത്രീയമായി നിർമ്മിച്ച ഒരു പാലവുമാണ് ഇതിന് കാരണമായത്. പുഴയൊഴുകുന്ന പ്രദേശങ്ങൾ ഉൾപ്പെട്ട കടപ്ര പഞ്ചായത്തിലെ മൂന്നു വാർഡുകളിൽ നിന്നും നിരണം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിൽ നിന്നുമുള്ളവരെ ഉൾപ്പെടുത്തി കടപ്ര, നിരണം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംഘാടക സമിതി രൂപീകരിച്ചു. തുടർന്ന് എല്ലാ വാർഡുകളിലും ജലപ്രതിനിധികൾ അദ്ധ്യക്ഷനായി വാർഡുതല കമ്മിറ്റികളും രൂപീകരിച്ചു. പ്രാദേശിക ജനസമൂഹത്തിന്റെ സഹകരണത്തോടെയാണ് ആദ്യഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. 2017 ഓഗസ്റ്റ് 6 ന് പുനരുജ്ജീവന പ്രവർത്തന ഉദ്ഘാടനം ഡോ.റ്റി.എം. തോമസ് ഐസക് നിർവ്വഹിച്ചു. വാർഡ്തല കമ്മിറ്റികളുടെ പ്രവർത്തന ഫലമായി 15 ലക്ഷത്തിലധികം രൂപ ജനകീയമായി സ്വരൂപിച്ചു. 1000ലെറെ തൊഴിലാളികളുടെ സേവനം സൗജന്യമായി ലഭ്യമാക്കാൻ കഴിഞ്ഞു. പുഴയുടെ തീരങ്ങളിൽ വലിയ തോതിലുള്ള കൈയ്യേറ്റം കണ്ടണ്ടെത്താൻ കഴിഞ്ഞിരുന്നു. വിശദമായ സർവ്വേ നടത്തി കൈയ്യേറ്റങ്ങൾ അളന്നു തിട്ടപ്പെടുത്തി ജനകീയ പിന്തുണയോടെ ഒഴിവാക്കാൻ കഴിഞ്ഞു. ഇതിന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 6000 മീറ്റർ നീളത്തിൽ കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള പാർശ്വ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് ജലസേചനവകുപ്പിലൂടെ നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്. 4 കോടി രൂപ ആകെ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രവൃത്തിയുടെ നിർവ്വഹണ നടപടികൾ ജലസേചന വകുപ്പ്



ആരംഭിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയം വലിയ അളവിൽ ബാധിച്ച പ്രദേശമാണ് കടപ്ര, നിരണം എന്നീ പഞ്ചായയത്തുകൾ. ഏറെക്കുറെ മുഴുവൻ പ്രദേശങ്ങളും വെള്ളത്തിനടിയിലായ ഈ പ്രദേശത്ത് പ്രളയത്തിന്റെ തീവ്രത വലിയ അളവിൽ കുറയ്ക്കുന്നതിന് ഈ പുഴ പുനരുജ്ജീവന പരിപാടി സഹായിച്ചു.

## നദീ പുനരുജ്ജീവനം ഭാവി പരിപ്രേക്ഷ്യം

**ഡോ.ടി.എം.തോമസ് ഐസക് ബഹു. ധനകാര്യവകുപ്പുമന്ത്രി**

പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ അവതരണങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തൽപരരായി ഇവിടെയെത്തിയിട്ടുള്ളവർക്ക് ആത്മ വിശ്വാസവും ശുഭാപ്തി വിശ്വാസവും നൽകുന്നതാണ്.

മലിനീകരണം, കൈയ്യേറ്റവും മണലൂറ്റും പോലുള്ള പ്രശ്നങ്ങൾ, കുറഞ്ഞുവരുന്ന സംഭരണ ശേഷി എന്നിവയാണ് പുഴകൾ പ്രധാനമായും നേരിടുന്ന മൂന്നു പ്രശ്നങ്ങൾ. സമാനതകളില്ലാത്ത വലിയ പ്രളയമാണ് നമ്മൾ കണ്ടത്. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ തന്നെ ഒരിടത്തും വെള്ളമില്ലാത്തയവസ്ഥയായി. നമ്മുടെ ഭൂമിയിൽ പെയ്തുവീഴുന്ന ജലം വേഗത്തിൽ ഒഴുകി അറബിക്കടലിൽ എത്തുന്നു എന്നതാണ് ഇതിന് കാരണം. മുൻകാലങ്ങളിൽ നമ്മുടെ പ്രധാനപ്പെട്ട നദികളുടെയെല്ലാം ഭൂരിപക്ഷം സ്ഥലങ്ങളിലും വള്ളങ്ങളിൽ സഞ്ചരിക്കാൻ കഴിയുമായിരുന്നു. മഴക്കാലത്ത് തോടുകളിലും വയലുകളിലും ഭൂമിക്കടിയിലും ശേഖരിക്കപ്പെടുന്ന ജലം വളരെ പുതക്കെയൊഴുകി പുഴകളിലെത്തിയിരുന്നതിനാൽ പുഴകൾ ജല സമൃദ്ധമായിരുന്നു. ഇതിന് വലിയ മാറ്റം വന്നു. പഴയ അവസ്ഥ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്. ഇതിന് ഒന്നാമതായി വേണ്ട ഇടപെടൽ മലിനീകരണം ഒഴിവാക്കുകയെന്നതാണ്. ഇത്തരത്തിൽ പുഴകൾ മാലിന്യമുക്തമാകുന്ന പ്രവർത്തനം ജനകീയമായി വളരെ വിജയകരമായി നിർവ്വഹിക്കാൻ കഴിയുമെന്ന് ഇവിടെ നടന്ന അവതരണങ്ങളിൽ നിന്നും മനസ്സിലാക്കാം. ഫലപ്രദവും ചിട്ടയോടും കൂടിയ സംഘാടന, പ്രചാരണ പ്രവർത്തനങ്ങൾ ഇതിന് അത്യാവശ്യമാണ്. പുഴനടത്തം പുഴയെക്കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും വേണ്ടി മാത്രമുള്ളതല്ല. വലിയൊരു പ്രചാരണ പ്രവർത്തനം കൂടിയാണിത്. പുഴനടത്തത്തിന്റെ സംഘാടനത്തിന്റെയും പുഴനടത്തത്തിന്റെയും ഭാഗമായി നാം നടത്താൻ പോകുന്ന പ്രവർത്തനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രചാരണം കൂടിയാണ് നടക്കുന്നത്. പരമാവധി പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനം നടത്താൻ കഴിയണം. ജനകീയമായി നാം നടത്തിയ പ്രവർത്തനങ്ങൾ ഇതൊക്കെകൊണ്ടാണ് വിജയിച്ചത്. പുഴപുനരുജ്ജീവനം സാധ്യമാക്കുന്നതോടൊപ്പം വീണ്ടും മലിനപ്പെടുത്തില്ല എന്ന് ഉറപ്പാക്കാൻ കഴി



യണം. കിള്ളിയാർ പുനരുജ്ജീവനത്തോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 1200ഓളം മാലിന്യക്കുഴലുകളാണ് അടയ്കാൻ കഴിഞ്ഞത്. ഇത് ഒരു മാതൃകയാണ്. ഇതോടൊപ്പം തന്നെ നിയമപരമായ അധികാരങ്ങൾ കൂടി ഉപയോഗിക്കാൻ കഴിയണം. വൃഷ്ടി പ്രദേശത്തെ



വീടുകളിലേയും സ്ഥാപനങ്ങളിലേയും ഖരമാലിന്യ സംസ്കരണവും ഏറ്റവും പ്രധാനപ്പെട്ടതാണ്. ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കണം. ഇതിനുവേണ്ട ശീലവൽക്കരണം ഉണ്ടാകണം. ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കാൻ കഴിയണം. ഇത് സാധ്യമാണ് എന്ന് തെളിയിക്കപ്പെട്ടതാണ്. മലിനജലവും കക്കൂസുകളിൽ നിന്നുമുള്ള ജലവും ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു എന്ന് ഉറപ്പാക്കണം. എന്നാൽ ഈ കാര്യങ്ങൾ നമ്മൾ വേണ്ടത്ര പരിഗണനകൊടുത്ത് കൈകാര്യം ചെയ്തിട്ടില്ല. അത് തീർച്ചയായും ചെയ്യേണ്ടകാര്യമാണ്. പ്രാദേശിക കമ്മിറ്റികളുടെ പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. തുടർ പരിപാലനത്തിന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗിക്കാൻ കഴിയണം. പുഴകളോടൊപ്പം മുഴുവൻ ചെറുതോടുകളും ശുചിയാക്കണം. പുഴയെക്കുറിച്ചുള്ള പഠനങ്ങളും ഇതോടൊപ്പം പ്രാധാന്യം അർഹിക്കുന്നു. ഇത്തരത്തിൽ ഇതിനുവേണ്ട ഒരു സംഘം കൂടി പ്രവർത്തനങ്ങളിൽ ഉണ്ടാകണം. കൈയ്യേറ്റം കണ്ടെത്തൽ ഒരു ജനകീയ പരി പാടിയായി മാറുമ്പോൾ കൈയ്യേറ്റക്കാരന് ജാള്യത തോന്നും. ആദ്യഘട്ടത്തിൽ കൈയ്യേറ്റം ഒഴിപ്പിക്കണമെന്നൊന്നുമില്ല. പക്ഷേ അളന്നു കല്ലുകൾ സ്ഥാപിക്കുവാൻ കഴിയണം. അവിടെ തുടർന്നു കൃഷിചെയ്തോട്ടെ, തടയേണ്ട ആവശ്യമൊന്നുമില്ല. പക്ഷേ സാധ്യമായ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ കഴിയണം. വൃഷ്ടി പ്രദേശത്തെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനം ആണ് അടുത്ത ഘട്ടമായി ചെയ്യേണ്ടത്. ഓരോ ചെറു നീർച്ചാലുകളേയും അടിസ്ഥാനപ്പെടുത്തി ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കാട്ടാക്കട ജലസമൃദ്ധി പദ്ധതി ഇതിന് ഉദാഹരണമാണ്. തുടർ പരിപാലനം വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ടണ്ട് നടത്താൻ കഴിയും. വകുപ്പുകളുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടണ്ടാക്കാൻ കഴിഞ്ഞ ഇടങ്ങളിൽ നന്നായി പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി 20 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം നീർത്തട പ്ലാനുകളിൽ പെട്ട പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും






ഏറ്റെടുക്കണം. ഇത്തരത്തിലെ നാം നടത്തിയ പ്രവർത്ത നങ്ങൾ സ്ഥായിയായി നിലനിർത്താൻ കഴിയൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചട്ടപ്പടി പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളെപ്പോലെ പ്രവർത്തിക്കാതെ സന്നദ്ധ പ്രവർത്തന സജ്ജരായ സർക്കാരിതര സംഘ ടനകളെപ്പോലെ പ്രവർത്തിച്ചാൽ അനവധി കാര്യ ങ്ങൾ ചെയ്യാൻ കഴിയും. പ്രളയ ദുരിതാശ്വാസ പ്രവർ ത്തനങ്ങൾ ഇതിന് ഉദാഹരണമാണ്. ഇപ്പോൾ നമുക്ക് കിട്ടിയിട്ടുള്ള സന്ദർഭവും സാധ്യതയും ഏറ്റവും ഫലപ്ര ദമായി വിനിയോഗിക്കാൻ നമുക്ക് കഴിയണം. നമ്മുടെ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തണം. റീബിൽഡ് കേരളയു മായി ഈ പ്രവർത്തനങ്ങൾ കൂട്ടിയോജിപ്പിച്ച് ചെയ്യാൻ കഴിയണം. തുടർന്ന് പത്തനംതിട്ട ജില്ലാ ഡി.പി.സി വൈസ് ചെയർപേഴ്സൺ അഡ്വ. രാജീവ്, സംസ്ഥാന ഭൂവിനിയോഗ കമ്മീഷണർ ശ്രീ. എ. നിസാമുദ്ദീൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രോഗ്രാം ഓഫീസർ ശ്രീ.പി.ബാലചന്ദ്രൻ നായർ തുടങ്ങി യവർ വിദഗ്ദ്ധ പ്രതികരണം നടത്തി. ത്രിതല പഞ്ചായത്തുകളുടെ പുഴ പുനരുജ്ജീവന പ്ര വർത്തനങ്ങളിലെ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പാരിസ്ഥിതിക പുനസ്ഥാപന പ്രവർത്തനത്തോടൊപ്പം സാംസ്കാരിക വീണ്ടെടുക്കൽ കൂടി ഉൾപ്പെടുത്തേണ്ട തിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. രാജീവ് പ്രതിപാ ദിച്ചു. ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവർ അഭിനന്ദനമർഹിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. ശാസ്ത്രീയമായ ഭൂവിനിയോഗത്തെക്കുറിച്ചും വൃഷ്ടി പ്രദേശത്തെ മണ്ണ് ജലസംരക്ഷണത്തിന്റെ ആവശ്യകതയെകു റിച്ചും സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണർ ശ്രീ. നിസാമുദ്ദീൻ സംസാരിച്ചു. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളും തൊഴിലുറപ്പ് പദ്ധതിയുമായുള്ള ഏകോപനത്തിന്റെ സാധ്യതകളെകു റിച്ചും ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഒരൊറ്റ മാസ്റ്റർപ്ലാ നിന്റെ പ്രാധാന്യത്തെക്കുറിച്ചും ശ്രീ.ബാലചന്ദ്രൻ നായർ സംസാരിച്ചു. പുതിയതായി ഏറ്റെടു ത്തതും നടന്നുകൊണ്ടിരിക്കുന്നതുമായ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണങ്ങൾ തുടർന്ന് നടന്നു. അവയുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.



## അടിമാലി-ദേവിയാർ

**തമ്പി ജോർജ് (മെമ്പർ, അടിമാലി ഗ്രാമപഞ്ചായത്ത്)**

ഒരുകാലത്തു അടിമാലി ഭാഗങ്ങളിലെ നെൽകൃഷിയുടെ ഊർജം ദേവിയാർ ആയി രുന്നു. എന്നാൽ ദേവിയാർ മലിനീകരിക്കപ്പെട്ടതോടെ നെൽകൃഷിയും നശിച്ചു പോയി. അതു കൊണ്ട് തന്നെ ദേവിയാറിന്റെ സ്വാഭാവികത തിരികെ കൊണ്ട് വരേണ്ടതിന്റെ പ്രാധാന്യം



മനസ്സിലാക്കിയതോടെ പഞ്ചായത്ത് തലത്തിൽ പുഴ പുനരുജ്ജീവന ആലോചനായോഗം കൂടുകയും ആ വർഷം തന്നെ 2 കിലോമീറ്റർ ശുചീകരിക്കുകയും ചെയ്തു.

ശുചീകരണത്തിൽ മാലിന്യ സേന ഉണ്ടാക്കുകയും ശേഖരിച്ച പ്ലാസ്റ്റിക് വസ്തുക്കൾ പ്ലാസ്റ്റിക് ഷ്രെഡിംങ് സെന്ററിലേക്ക് മാറ്റുകയും ചെയ്തു. ഇതിനകം രണ്ട് ഏറോബിക് കമ്പോസ്റ്റിംഗ് സെൻററും ബയോഗ്യാസ് പ്ലാന്റുകളും ഉണ്ടാക്കിയിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ ദേവിയാർ പൂർണ്ണമായും ശുചീകരിക്കാൻ തീരുമാനമെടുത്തു. കൂടാതെ നദിയിൽ മാലിന്യം തള്ളുന്നവർക്കു 2000 രൂപ പിഴയിടാനും തീരുമാനിച്ചു. പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതി വൻവിജയമാണെന്ന് സംഘാടകർ ഉറപ്പാക്കുന്നു.

## ഭാരതപ്പുഴ
**ഗായത്രി ഉപനദീതടം -ശ്രീമതി ആർ. രുക്മിണി (അസി. ഡയറക്ടർ, സംസ്ഥാന ഭൂവിനിയോഗ ബോർഡ്)**

)

ഭാരതപ്പുഴയുടെ പ്രധാന കൈവഴിയായ ഗായത്രിപ്പുഴ കുറച്ചു വർഷങ്ങളായി ശോചനീയാവസ്ഥയിലായിരുന്നു. പുഴയുടെ പുനരുദ്ധാരണത്തിന്റെ പ്രാധാന്യം മനസ്സി ലാക്കിയതോടെ പുനരുജ്ജീവന പ്രവർത്തങ്ങൾക്ക് തുടക്കമായി. ഇതിന്റെ ആരംഭമായി, ഗായത്രി നദീതടത്തെ മൂന്ന് ക്ലസ്റ്ററുകളാക്കി തിരിച്ചു. മൂന്നു വർഷത്തെ പഠന ഫലമായാണ് ഗായത്രി പുഴയുടെ നദീതട പ്ലാൻ തയ്യാറാക്കിയത്. ഇതിൽ ക്ലസ്റ്റർ 1 ൽ 11 പഞ്ചായത്തുകളിലായി 3 പോഷക നദികളും ക്ലസ്റ്റർ 2 ൽ 22 പഞ്ചായത്തുകളിലായി ചെറു നീർത്തടങ്ങളും ക്ലസ്റ്റർ 3 ൽ 6 പഞ്ചായത്തുകളിലായി 7 ചെറു നീർത്തടങ്ങളും ഉൾപ്പെടുന്നു. ഇതിന്റെ അടി സ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി രൂപീക രണം നടന്നു. അതോടൊപ്പം നീർത്തടങ്ങൾ, ഭൂവിനിയോഗം എന്നിവയുടെ മാപ് തയ്യാ റാക്കി. തുടർന്ന് നീർചാലുകളിൽ പുഴനടത്തം നടത്തുകയും ജലാശയങ്ങളുടെ സർവ്വേ നടത്തുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു പുഴ ശുചീകരണം ആരംഭിച്ചു. അതിന്റെ ഫലമായി പുഴയിൽ അടിഞ്ഞുകൂടി കിടന്ന മാലിന്യങ്ങൾ നീക്കം ചെയ്യാനും അതു വഴി പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കാനും സാധിച്ചു.



## ചെറുപുഴ

**അബ്ദുൾ മുജീബ് (മെമ്പർ-പുഴക്കാട്ടിൽ പഞ്ചായത്ത്)**

ഒരു കാലത്തു സമൃദ്ധിയായി ഒഴുകിയിരുന്ന ചെറുപുഴ കഴിഞ്ഞ മുപ്പതുവർഷത്തോളമായി ശോചനീയാവസ്ഥയിലായിരുന്നു. പുഴയുടെ ശുചീകരണം വലിയൊരു പ്രശ്നമായി മാറി. അതുകൊണ്ടു തന്നെ ഇതിന്റെ തുടക്കമെന്നോണം പഞ്ചായത്ത് തലത്തിൽ ആസൂത്രണയോഗം കൂടുകയു ണ്ടായി. യോഗത്തിൽ പുഴനടത്തം നടത്താൻ തീരുമാനിച്ചു. തുടർന്ന് പഞ്ചായത്ത് തലത്തിൽ പുഴ സംരക്ഷണ സമിതി രൂപീകരിച്ചു വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു ശില്പശാല നടത്തുകയുണ്ടായി. പുഴയുടെ ശുചീകരണമെന്നോണം പുഴയ്ക്ക് ഭീഷണിയായിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു. അതോടൊപ്പം പുഴനഴ്സറി ഉണ്ടാക്കി. ജലസംരക്ഷണത്തെ സഹായിക്കുന്ന വൃക്ഷ തൈകൾ പഞ്ചായത്തുകളിൽ ഉടനീളം വിതരണം ചെയ്തു. ചെറുപുഴയുടെ പ്രധാന കൈവഴിയായ കുതിരപ്പാടം തോട് വൃത്തിയാക്കി, പ്രളയം നല്ലൊരു അനുഭവവും അതോടൊപ്പം പുഴ ശുചീകരണം സുഗമമാക്കുകയും ചെയ്തു. ഇത് ചെറുപുഴയുടെ 7 കിലോമീറ്റർ വരുന്ന കൈവഴി ശുചീകരിക്കാൻ സഹായിച്ചു. പൂർണ്ണമായും ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.



## ചാലിയാർ

**ശ്രീ.സുഗതൻ പി.പി.(നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്)**

ചാലിയാർ 6 പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു. ചാലിയാറിന്റെ ശോചനീയാവസ്ഥയ്ക്കു കാരണമായത് അടിഞ്ഞു കൂടിയ മാലിന്യങ്ങൾ ആയിരുന്നു. പുഴയുടെ ശോചനീയാവസ്ഥ കൃഷിയെയും ബാധിച്ചു. അതുകൊണ്ടു തന്നെ പുഴയുടെ ശുചീകരണം ഒരു ഗുരുതര വിഷയമായി. ഈ വിഷയം ഭരണ സമിതിക്കു മുന്നിൽ അവതരിപ്പിക്കപ്പെട്ടു. തുടർന്ന് ജനകീയ സമിതിയുണ്ടാക്കി. അതിൽ ജാതി മത രാഷ്ട്രീയ ഭേദമന്യേ അനേകം പേർ പങ്കെടുത്തു. IRTC യുമായി ചേർന്ന് വിശദമായ റിപ്പോർട്ട് തയ്യാറാക്കി. ഈ റിപ്പോർട്ട് ഭരണസമിതി അംഗീകരിച്ചതോടെ പുഴ ശുചീകരണത്തിന് അംഗീകാരം ലഭിച്ചു. തുടർന്ന് MCF സ്ഥാപിക്കാൻ ഏർപ്പാട് ചെയ്യുകയും മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിക്കുകയും ചെയ്തു. ഒപ്പം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങ ളിലും ജൈവ കമ്പോസ്റ്റ് നിർമ്മിക്കുവാൻ തീരുമാനമായി. അതോടൊപ്പം തന്നെ സംഘാംഗങ്ങൾക്കു 5 വ്യത്യസ്ത മേഖലകളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ പരിശീലനം നൽകി.



ഗ്രീൻപ്രോട്ടോകോൾ എല്ലാ സ്ഥാപനങ്ങളിലും പാലിക്കപ്പെടാനുള്ള കർശന നിർദ്ദേശങ്ങൾ അധികാരികൾക്ക് നൽകി. മണ്ണ് ജല സംരക്ഷണം ലക്ഷ്യം വച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് വെള്ളം തടഞ്ഞു നിർത്തുന്നതിനുള്ള പദ്ധതി രൂപീകരണം നടത്തി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം ഒരു ജലസംബന്ധിയായ പ്രസിദ്ധീകരണം തുടങ്ങാൻ ഭരണസമിതി മുൻപാകെ തീരുമാനമായി. ജനങ്ങൾ തന്നെ മുൻകൈയെടുത്ത അവർ തന്നെ നടപ്പിലാക്കിയ പ്രവർത്തനമായിരുന്നു ഇത്.

## കനോലികനാൽ ശുചീകരണം
ശ്രീ.ബാബു, നിറവ് (വേങ്ങര)

10 പഞ്ചായത്തിലും ഒരു കോർപ്പറേഷനിലുമായി വ്യാപിച്ചു കിടക്കുന്നതാണ് കനോലി കനാൽ. പുഴയുടെ ശോചനീയാവസ്ഥ മനസിലാക്കുന്നതിനായി ഉദ്ഭവസ്ഥാനം വരെ പുഴ നടത്തം സംഘടിപ്പിച്ചു. കനാലിന്റെ ശുചീകരണാരംഭം 3 വാർഡുകളിലായി നടന്നു. ശുചീകരണം പൂർത്തിയായ ഉടൻ തന്നെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തു. പുഴയിൽ നിന്ന് ശേഖരിച്ച പാഴ് വസ്തുക്കൾ പ്ലാസ്റ്റിക് ഷ്രെഡിംഗിനായി സംസ്കരണ പ്ലാന്റിലേക്ക് അയച്ചു. പ്രാരംഭഘട്ടത്തിലെ വിജയം 58 കി.മീ നീളമുള്ള പുഴ ശുചീകരണത്തിനുള്ള പിന്തുണനൽകി. ഓരോ 200 മീറ്ററിനും 17 പേരടങ്ങുന്ന സംഘത്തെ ഏൽപ്പിച്ചു. പ്രവർത്തനത്തിൽ ആകെ 2900 പ്രവർത്തകരും 2100 വിദ്യാർത്ഥികളും പങ്കെടുത്തു. പ്രവർത്തകരിൽ ക്ലബ്ബുകൾ, സഹകരണ സംഘങ്ങൾ മുതലായവർ പങ്കെടുത്തു. നവംബർ ഒന്നിനകം ശുചീകരണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കനാലിന്റെ ജലഗുണനിലവാരം 15 ദിവസം കൂടുംതോറും തുടർച്ചയായി പരിശോധിക്കാൻ തീരുമാനമെടുത്തു.



കഴിഞ്ഞ 50 കൊല്ലമായി ശോചനീയാവസ്ഥയിലുള്ള പുഴയുടെ പുനരുജ്ജീവനത്തിനായി ജനപ്രതിനിധികൾ യത്നിച്ചു. അത് ശുചീകരണ പ്രവർത്തനത്തിന് വേഗം കൂട്ടി. ഇതുവരെ 3 സെക്ടറുകൾ പൂർത്തിയാക്കികഴിഞ്ഞു. ജനുവരി 1 ന് പൊതുജനങ്ങൾക്ക് സമർപ്പിക്കും.

## കേച്ചേരി പുഴ പുനരുജ്ജീവനം
ശ്രീ.അനൂപ് കിഷോർ, വൈസ് ചെയർമാൻ, വടക്കാഞ്ചേരി നഗരസഭ

10 പഞ്ചായത്തും ഒരു നഗരസഭയും ചേർന്ന പ്രദേശത്തുകൂടി ഒഴുകുന്ന 72 കിലോമീറ്റർ നീളമുള്ള പുഴയാണിത്. ബഹുമാനപ്പെട്ട എം.പി. ശ്രീ. പി.കെ. ബിജുവിന്റെ നേതൃത്വത്തിലാണ് ഈ പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നത്. കില, മുംബൈ ഐ.ഐ.ടി.എന്നിവ ഇതിന്റെ സംഘാടനത്തിലും സാങ്കേതിക പ്രവർത്തനങ്ങളിലും സഹായിക്കുന്നു. മൈത്രി എന്ന സർക്കാരിതര സംഘടനയും സാങ്കേതിക പിന്തുണ നൽകുന്നുണ്ട്. വടക്കാഞ്ചേരി നഗരസഭയുടെ കീഴിലുള്ള ഗ്രീൻ ആർമിയും ഈ പ്രവർത്തനങ്ങളു



മായി സഹകരിക്കുന്നു. 24 സർക്കാർ വകുപ്പുകൾ സഹകരിച്ച് പ്രവർത്തിക്കുന്നു. 72 കി.മീ നീളമുള്ള പുഴയുടെ പ്രാരംഭ ഘട്ടത്തിൽ പുനരുജ്ജീവനം നടത്തി. 456 മാലിന്യക്കുഴലുകൾ ഈ പുഴയിലേയ്ക്ക് വരുന്നു. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ റാവേ ക്യാമ്പിനോടനുബന്ധിച്ച് മുഴുവൻ നീർച്ചാലുകളും ജി.ഐ.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് അടയാളപ്പെടുത്തി. നഗരസഭയുടെ ഭാഗമായ 9.18 കി.മീ ദൂരം സർവ്വേ നടത്തി 10.32 ഹെക്ടർ തിരിച്ചു പിടിച്ചു കല്ലിട്ട് തിരിച്ചു. ഇതിന്റെ ഭാഗമായി 5200 ഏക്കറിൽ നെൽക്കൃഷി പുനരാരംഭിച്ചു. റവന്യൂവകുപ്പിന്റെ മെച്ചപ്പെട്ട സഹകരണമുണ്ടായിരുന്നു. തുടർന്ന് പുഴ ശുചീകരണം നടത്തി. താൽക്കാലിക തടയണകൾ നിർമ്മിച്ചു. രണ്ടാംഘട്ടമായ ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. മെയ്മാസത്തിനുള്ളിൽ 72 കി.മീ. ഉം ശുചിയാക്കും. 1000 ത്തോളം സ്ഥിരം സന്നദ്ധ പ്രവർത്തകരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും കേച്ചേരിപ്പുഴ നവീകരണത്തിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുഴയൊഴുകുന്ന പ്രദേശത്തെ കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും ലക്ഷ്യമിടുന്നു.

## പതിക്കാൻ പുഴ

**ശ്രീ.മാധവൻ മണിയറ, പ്രസിഡന്റ്, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്**

5 വാർഡുകളിലായി വ്യാപിച്ച് കിടക്കുന്ന പതിക്കാൻ പുഴയുടെ 3.5 കി.മീ ശുചീകരണത്തിനായി തെരഞ്ഞെടുത്തു. മുൻകാലങ്ങളിൽ ചരക്ക് ഗതാഗതം ഉണ്ടായിരുന്ന പുഴയിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും കക്കൂസ് മാലിന്യങ്ങളും അടിഞ്ഞുകൂടി ശോചനീയാവസ്ഥയിലായിരുന്നു. മലിനീകരണം കാരണം പുഴയുടെ ഒഴുക്ക് നിലച്ചിരുന്നു. പതിക്കാൻ പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്തു. ഇതിന്റെ മുന്നോടിയായി 2018 ജനുവരി 18 ന് യോഗം കൂടി സംരക്ഷണ സമിതി രൂപീകരിച്ചു. തുടർന്ന് ഫെബ്രുവരി 14 ന് പുഴനടത്തം നടത്തി. ശുചീകരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു. മുന്നൂറോളം പേർ പങ്കെടുത്തു. തുടർന്ന് പതിക്കാൻ പുഴയുടെ ശുചീകരണ യജ്ഞം ആരംഭിച്ചു. 1000 ത്തോളം പേർ പങ്കെടുത്തു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടു കൂടി കയർ ഭൂവസ്ത്രം വിരിച്ചു.



# നദീപുനരുജ്ജീവന പ്രവർത്തനരേഖ



ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ലക്ഷ്യങ്ങളെയടിസ്ഥാനപ്പെടുത്തി നമ്മുടെ സംസ്ഥാനത്ത് പുഴ നവീകരണത്തിനായി മാതൃകാ പരമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയടിസ്ഥാനത്തിൽ സമാന രീതിയിലുള്ള പ്രവർത്തനം നടത്തുന്നതിൽ തൽപരരായവർക്ക് മാർഗ്ഗദർശകമാകത്തക്കരീതിയിൽ ഒരു പ്രവർത്തന രേഖയ്ക്ക് രൂപം നൽകുക എന്നത് ശിൽപ്പശാലയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ശിൽപ്പശാലയുടെ രണ്ടാം ദിനം നദീപുനരുജ്ജീവന പ്രവർത്തനരേഖയുടെ കരട് ഹരിതകേരളം മിഷൻ ടെക്നിക്കൽ ഓഫീസർ ശ്രീ. സതീഷ് ആർ.വി ചർച്ചയ്ക്കായ് അവതരിപ്പിച്ചു. അതിനുശേഷം ശിൽപ്പശാലയിൽ പങ്കെടുത്തവർ 4 ഗ്രൂപ്പുകളായി തിരിഞ്ഞ് വിശദമായ ചർച്ച നടത്തി നിർദ്ദേശങ്ങൾ റിപ്പോർട്ട് ചെയ്തു.

## ഗ്രൂപ്പ് ചർച്ചയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ

### ഗ്രൂപ്പ് 1

1. മണ്ണ്, ജലം, വായു എന്നിവയെ ഒന്നായി കണ്ടുകൊണ്ടുള്ള ഒരു സമീപനം വേണം.
2. പുഴ പുനരുജ്ജീവനത്തോടൊപ്പം അതാത് പ്രദേശത്തെ സാംസ്കാരിക ചരിത്രം കൂടി രേഖപ്പെടുത്തണം.
3. എല്ലാ പുഴകൾക്കും/നീർച്ചാലുകൾക്കും ഒരു തനത് തിരിച്ചറിയൽ നാമം വേണം.
4. പുഴകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗിക്കണം.
5. ജനങ്ങളുടെ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കണം.
6. ജലചൂഷണം നിയമപരമായി തടയണം.
7. പുഴകളുടെ തീരസംരക്ഷണം ഉറപ്പാക്കിക്കൊണ്ട് വിശ്രമ, ഉല്ലാസകേന്ദ്രങ്ങൾ ആരംഭിക്കണം.
8. കൈയ്യേറ്റമൊഴിപ്പിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ വേണം.
9. നീരൊഴുക്കിന് തടസ്സമാകുന്ന പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മിതികൾ ഒഴിവാക്കണം
10. ഉയർന്ന ജലനിരപ്പിനെ ഉൾക്കൊള്ളുന്ന



ഉയരത്തിൽ പാലങ്ങൾ നിർമ്മിക്കണം.

11. നെൽവയൽ, കൃഷിയിടങ്ങൾ എന്നിവ നികത്തുന്നത് തടയുന്നതിന് ആവശ്യമായനിയമങ്ങൾ ഉറപ്പാക്കുക.
12. വീണ്ടുവിചാരത്തോടെയുള്ള യന്ത്ര ഉപയോഗം.
13. ഫീൽഡ് ലെവൽ സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സന്നദ്ധ സ്വഭാവത്തോടെയുള്ളതാകണം.

## ഗ്രൂപ്പ് 2

1. നദീതട സംസ്കാരം രേഖപ്പെടുത്തണം.
2. നദിയുടേയും വൃഷ്ടിപ്രദേശത്തേയും കയ്യേറ്റം ഒഴിപ്പിക്കണം.
3. കൂടുതൽ അയഞ്ഞ സംഘടനാരൂപം വേണം.
4. എല്ലാപേരും അംഗീകരിക്കുന്ന ഒരു നേതൃത്വം വേണം



5. ഓരോ സ്ഥലത്തും തനത് പ്രവർത്തന മാതൃകകൾ വികസിപ്പിക്കണം.
6. ലളിതമായ പദ്ധതിയായി പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് വൈവിധ്യവൽക്കരിക്കുകയും ചെയ്യണം.
7. വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ സുസ്ഥിര വികസനത്തിലേക്ക് നയിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ വേണം.
8. പ്രവർത്തനങ്ങൾ എല്ലാം ശാസ്ത്രീയമായി ആസൂത്രണം ചെയ്യണം.
9. ജൈവവൈവിധ്യ സംരക്ഷണം, മത്സ്യബന്ധനം, കൃഷി, ജലസേചനം, വിനോദസഞ്ചാരം തുടങ്ങി എല്ലാ പ്രവർത്തനങ്ങളും പുഴയടിസ്ഥാനത്തിൽ പുനർക്രമീകരിക്കണം.
10. എല്ലാ പ്രവർത്തനങ്ങളിലും സുതാര്യത ഉറപ്പാക്കണം.

## ഗ്രൂപ്പ് 3

1. സുസ്ഥിരമായ നിലനിൽപ്പിന് ശാസ്ത്ര സമീപനം വേണം.
2. പ്രളയപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രായോഗിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
3. ഭാരതപ്പുഴയുടെ കൈവഴികളായ ഗായത്രിപുഴ, തൂതപ്പുഴ എന്നിവയിലേതുപോലെ ശാസ്ത്രീയ പഠനം നടത്തണം.
4. പുഴയോരങ്ങളെ വെള്ളപ്പൊക്ക, മണ്ണിടിച്ചിൽ സാധ്യതകൾ പരിഗണിച്ചുകൊണ്ട് നിരോധിതമേഖല, മുന്നറിയിപ്പ് മേഖല എന്നിങ്ങനെ മൂന്നായി തരംതിരിക്കണം.

5. മെച്ചപ്പെട്ട കൂട്ടായ പ്രവർത്തനം വേണം.
6. ജനകീയ സ്വഭാവം ഉറപ്പാക്കണം.
7. പുഴയുടെ സ്വാഭാവിക അടിത്തട്ട് നിലനിർത്തണം, മുള, കൈത എന്നിവയുപയോഗിച്ച് പാർശ്വസംരക്ഷണം നടത്തണം.



8. പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾക്ക് ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളായി തൊഴിലുറപ്പ് തൊഴിലാളികളെ പരിശീലനം നൽകി പ്രാപ്തരാക്കണം.
9. ഓടകളിലേക്ക് മലിനജലം ഒഴുക്കിവിടുന്നത് കർശനമായി തടയണം.
10. പാറമടകളെ അനുബന്ധ ജലസ്രോതസ്സുകളായി ഉപയോഗിക്കണം.
11. പുഴയോരത്തെ പൊതു ഭൂമികൾ സാംസ്കാരിക ഉദ്യാനങ്ങളായി മാറ്റണം.

## ഗ്രൂപ്പ് 4

1. പുഴയുടെ പഴയ അവസ്ഥയിലേക്ക് കൊണ്ടുവരണം, ജൈവ അവസ്ഥ തിരിച്ചു പിടിക്കണം.
2. കൈയ്യേറ്റം കർശനമായി ഒഴിവാക്കണം.
3. പുഴയോര കെട്ടിട നിർമ്മാണത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കണം.
4. മഴക്കുഴികളും മറ്റു നിർമ്മിതികളും അനുയോജ്യമായ സ്ഥലം കണ്ടെത്തി ശാസ്ത്രീയമായി നിർമ്മിക്കണം.
5. പാരിസ്ഥിതിക പഠനത്തിനു ശേഷം മാത്രം മണൽവാരൽ അനുവദിക്കുക.
6. അനുയോജ്യ സ്ഥലത്തു മാത്രം തടയണകൾ നിർമ്മിക്കുക
7. ഖനിജങ്ങളുടെ (പാറ, മണൽ മുതലായവ) വിപണനം ചുമതല സർക്കാർ നിയന്ത്രണത്തിൽ വേണം.
8. കയ്യേറ്റങ്ങൾ, മലിനീകരണം മുതലായവ സമയാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി കാവൽ സംഘ







ങ്ങൾ രൂപീകരിക്കണം

ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം നടന്ന വിദഗ്ദ്ധ പ്രതികരണങ്ങളിൽ സോയിൽ കൺസർവേഷൻ ഡയറക്ടർ പുഴപുനരുജ്ജീവന പ്രവർത്തനങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായ് മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പിന്റെ സാധ്യതകളെകുറിച്ച് സംസാരിച്ചു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർ വർമ്മ നിലവിലെ സാഹചര്യത്തിൽ ജലമേഖലയ്ക്ക് നൽകേണ്ട പ്രാധാന്യത്തെ ഓർമ്മിപ്പിച്ചു. ആരോഗ്യ സംരക്ഷണം ഉറപ്പാക്കണമെങ്കിൽ മാലിന്യവും ജലവും ശരിയായ രീതിയിൽ കൈകാര്യം ചെയ്യണം. കാവൽസഭകൾ നിയമത്തിന്റെ ഭാഗമാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷൻ കൺസൾട്ടന്റ് എൻ. ജഗജീവൻ മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു.







നാടിന്റെ ശുചിത്വം നദീ പുനരുജ്ജീവനത്തിന്റെ ഉപഉൽപ്പന്നമാണ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഹരിതകർമ്മസേന, ആർ.ആർ.എഫ്, എം.സി.എഫ് എന്നിവയുടെ പ്രവർത്തനം പുനരുജ്ജീവനം സാധ്യമാക്കിയ പുഴയെ സ്ഥായിയായി നിലനിർത്താൻ സഹായിക്കും. തുടർന്ന് സംസാരിച്ച ഹരിതകേരളം കൺസൾട്ടന്റ് ശ്രീ.എസ്.യു സഞ്ജീവ് പ്രാദേശിക ഇടപെടലുകളുടെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിച്ചു. പുഴയോരങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ പച്ചത്തുരുത്തുകളാക്കി മാറ്റുന്നതിനുവേണ്ട ശ്രമങ്ങൾ ഉണ്ടാകണം.

ജനുവരിയിൽ നടത്താൻ ഉദ്ദേശിക്കുന്ന ജലസംഗമം 2019 ന്റെ വിശദവിവരങ്ങൾ ഹരിതകേരളം മിഷൻ കൺസൾട്ടന്റ് ശ്രീ.ടി.പി.സുധാകരൻ വിശദീകരിച്ചു. ഹരിതകേരളം മിഷൻ ടെക്നിക്കൽ ഓഫീസർ ശ്രീ.അജയകുമാർ ശിൽപ്പശാലയിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി.